VOL NO: 09
ISSUE 32
2025 AUGUST 09
₹10

നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

വെറുപ്പുൽപാദന ഫാക്ടറിയായി മാറുന്ന ഇന്ത്യ

തൗഹീദ് അദ്വൈതം സമസ്ത



മറ്റു വിശ്വാസധാരകളിൽ നിന്ന് മതത്തെ വ്യതിരിക്തമാക്കുന്ന ഏറ്റവും മൂല്യവത്തായ ആദർശമാണ് തൗഹീദ്. എന്നാൽ പാരമ്പര്യ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നു എന്നവകാശപ്പെട്ട് വ്യക്തമായ അദ്വൈത ദർശനത്തിലേക്കാണ് പുരോഹിതന്മാർ വിശ്വാസികളെ കൊണ്ടുചെന്നെത്തിക്കുന്നത്.

ശൈഖ് റബീഉബിൻ ഹാദി അൽമദ്ഖലി യാത്രയായി

എസ് ഐ ആർ; പിൻവാതിലിൽ മുട്ടുന്ന എൻ ആർ സിയോ?

ഗസ്സ: ചെറുത്തുനിൽപ്പിന്റെയും അതിജീവനത്തിന്റെയും പ്രതീകം



നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

446

നേർപഥം
വാരിക

2025 ആഗസ്റ്റ് 02 09
1447 സഫർ 15
പുസ്തകം 09 / ലക്കം 32

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Cover:
Anil

Design & Layout:
Musthafa Mannarottil

Web Editor:
Haseeb Elayur

Printed, published & owned by:
K. Sajjad

Printed at :
Sprint Offset Printers, Kozhikode

Published at :
Kozhikode - 673 002



05 മുഖമൊഴി
വെറുപ്പുൽപാദന ഫാക്ടറിയായി മാറുന്ന ഇന്ത്യ


06 ലേഖനം
എസ്ഐആർ; പിൻവാതിലിൽ മുട്ടുന്ന എൻആർസിയോ?
അബ്ഹജ് സുറൂർ

09 വനിതാപഥം
പർദ; എനിക്കും പറയാനുണ്ട് ചിലത്
ഉമ്മു ഇമ്രാൻ, അരീക്കോട്

16 ലേഖനം
ഗാസ: ചെറുത്തുനിൽപിന്റെയും അതിജീവനത്തിന്റെയും പ്രതീകം
അഹ്സന മലയിൽ

18 ലേഖനം
ശെയ്ഖ് റബീഉബിൻ ഹാദി അൽമദ്ഖലി യാത്രയായി
ഇ. യൂസുഫ് സാഹിബ് നദുവി, ഓച്ചിറ

23 ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതു അൻകബൂത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം



മൂസ സ്വലാഹി കാര

മറ്റു വിശ്വാസധാരകളിൽ നിന്ന് മതത്തെ വ്യതിരിക്തമാക്കുന്ന ഏറ്റവും മൂല്യവത്തായ ആദർശമാണ് തൗഹീദ്. എന്നാൽ പാരമ്പര്യ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നു എന്നവകാശപ്പെട്ട് വ്യക്തമായ അദ്വൈത ദർശനത്തിലേക്കാണ് പുരോഹിതന്മാർ വിശ്വാസികളെ കൊണ്ടുചെന്നെത്തിക്കുന്നത്.

26 ആരോഗ്യപഥം
വൃക്കരോഗങ്ങൾ വരാതിരിക്കാൻ
ഡോ. ടി. കെ. യൂസുഫ്

29 ലേഖനം
വിധിവിശ്വാസം
മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

31 കർമപഥം
ഖുൽഅ്
അബ്ദുൽ ജബ്ബാർ മദീനി

34 കവിത
അമീർ
നിയാല സുബൈർ

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

ചരിത്രമറിയില്ലെങ്കിൽ പഠിക്കണം സെൻകുമാർ സാറേ...!

- ബാസിൽ സി.പി

1700കളുടെ അവസാനത്തിൽ കൽക്കത്തയിൽ വന്ന വില്ല്യം കാറിയെ പോലുള്ള മിഷനറിമാർ മുതൽ ഹിന്ദുക്കളെ പോലെത്തന്നെ മുസ്‌ലിംകളെയും മതം മാറ്റാൻ ശ്രമിച്ചിരുന്നു. ഹിന്ദുക്കളെ കുറെയൊക്കെ മാറ്റാൻ സാധിച്ചെങ്കിലും മുസ്‌ലിംകൾ അടുക്കാത്തത് എന്നും അവർക്ക് ഒരു തലവേദനയായിരുന്നു. വളരെ സാധാരണക്കാരായ, മതം കൂടുതലൊന്നുമറിയാത്ത ബംഗാളി മുസ്‌ലിംകൾ പോലും അനാദിയിൽ ദൈവം രണ്ടായി, മൂന്നായി, അതിലൊന്ന് മനുഷ്യനായി പിറന്നു, ദൈവത്തെ ആളുകൾ കുരിശിൽ തറച്ചു കൊന്നു എന്നൊക്കെയുള്ള കഥകൾ കേട്ടപ്പോൾ തിരിച്ച് ചോദ്യങ്ങൾ ചോദിക്കുന്നു എന്നതായിരുന്നു അന്നത്തെ മിഷനറിമാരുടെ പ്രധാന പ്രശ്നം.

അതിനായി അവർ പഠിച്ച പണി പതിനെട്ടും നോക്കിയിട്ടുണ്ട്. ഇസ്‌ലാം വിമർശന പുസ്തകങ്ങൾ ഇങ്ങോട്ട് കൊണ്ടുവരികയും മുസ്‌ലിംകളെ മതം മാറ്റാൻ ആവതും ശ്രമിക്കുകയും ചെയ്തു. സെറാംപൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ച പ്രസ്സിന്റെ പ്രധാന പണികളിലൊന്ന് ഇത്തരം പുസ്തകങ്ങൾ അച്ചടിച്ച് മുസ്‌ലിംകളെ മതംമാറ്റാൻ ശ്രമിക്കലായിരുന്നു. ഇതിനിടയിൽ അങ്ങേയറ്റം ഹീനമായ ഭാഷയുപയോഗിച്ച് ലഘുലേഖകളിറക്കുകയും അത് വലിയ പ്രശ്നങ്ങൾക്ക് വഴിവെക്കുകയും വരെ ചെയ്തു. പക്ഷേ, ബ്രിട്ടീഷ് പാർലമെന്റ് മിഷനറി പ്രവർത്തനങ്ങൾക്ക് പൂർണ സ്വാതന്ത്ര്യം അനുവദിച്ച് നിയമമിറക്കുകയായിരുന്നു.

ഇങ്ങനെ എല്ലാ നിലയ്ക്കും ശ്രമം തുടരുന്നതിനിടെയാണ് മുസ്‌ലിംകളിൽനിന്ന് ശക്തമായ പ്രതിരോധങ്ങളും ഉടലെടുക്കുന്നത്. മിഷനറിമാർ ഇറക്കിയ 'മീസാനുൽ ഹഖ്' എന്ന പുസ്തകത്തിന് മറുപടിയായി ശൈഖ് റഹ്മതുല്ലാഹ് ഖലീലുർറഹ്മാൻ അൽഹിന്ദിയുടെ 'ഇദ്ഹാറുൽ ഹഖ്' പുറത്തിറങ്ങുന്നു. മിഷനറിമാരോട് നേരിട്ട് സംവാദങ്ങൾ നടക്കുന്നു. അങ്ങനെ ആശയപരമായ അതിശക്തമായ പ്രതിരോധം മുസ്‌ലിംകളിൽ നിന്നുണ്ടാവുന്നു എന്ന തിരിച്ചറിവാണ് ഈ നഷ്ടക്കച്ചവടത്തിന് വല്ലാതെ പോകേണ്ടതില്ല എന്ന് തിരിച്ചറിഞ്ഞ് ഹിന്ദുക്കളിലേക്കുതന്നെ കേന്ദ്രീകരിക്കാൻ കാരണം.

അധികാരവും പ്രസ്സും വിദ്യാഭ്യാസ സ്ഥാപനങ്ങളും പണവും ബഹുഭാഷാ പണ്ഡിതരും എല്ലാമുണ്ടായിട്ടും ഇതൊന്നുമില്ലാത്ത മുസ്‌ലിംകളെ മതം മാറ്റാൻ പറ്റുന്നില്ലല്ലോയെന്നത് മിഷണറിമാർ തന്നെ പലവട്ടം പറഞ്ഞിട്ടുണ്ട്. കേരളത്തിലും മിഷനറിമാർ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഹർമൻ ഗുണ്ടർട്ടിനെ പോലുള്ളവർ 'മഹാമത ചരിതം' പോലുള്ളവ പ്രസിദ്ധീകരിച്ച് മുസ്‌ലിംകൾക്കെതിരെ പ്രവർത്തിക്കാൻ രംഗത്ത് വന്നപ്പോഴാണ് മറുശബ്ദങ്ങൾ ഉയർന്നത്. സനാഉല്ലാഹ് മക്തി തങ്ങളെ പോലുള്ളവർ സർക്കാരുദ്യോഗം രാജിവെച്ച് മിഷണറിമാർക്കെതിരെ ഇറങ്ങുന്നത്. 'പാർക്കലീത്താ പോർക്കള'വും 'കഠോരകുഠാര'വുമൊക്കെ അങ്ങനെയാണ് രചിക്കപ്പെടുന്നത്.

സെൻകുമാരന് അറിയുമോ എന്നറിയില്ല, മക്തി തങ്ങൾ അന്ന് ഹിന്ദുക്കൾക്ക് വേണ്ടികൂടിയായിരുന്നു സംസാരിച്ചത്. വിഗ്രഹവും ഒന്നിലേറെ ദൈവങ്ങളുമെല്ലാമുള്ള നിങ്ങൾക്ക് ഹിന്ദു വിശ്വാസങ്ങളെ പരിഹസിക്കാൻ എന്താണ് ന്യായമുള്ളത് എന്നടക്കം മക്തി തങ്ങൾ ചോദിച്ചു.

റോലൻഡ് ഇ മില്ലറെ പോലുള്ളവർ വളരെ വ്യാപകമായി മുസ്‌ലിംകളെ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു. ഫാദർ അലവിയെ കൊണ്ട് മർക്കസുൽ ബിഷാറ സ്ഥാപിക്കുകയും മുസ്‌ലിംകളോട് നിങ്ങളുടെ ഈസാ നബിയാണിത്, നിങ്ങളുടെ ക്വുർആനിൽ പറയുന്ന അല്ലാഹു തന്നെയാണിത് എന്ന് പറഞ്ഞും മറ്റും ആവതും ശ്രമിച്ചു. പക്ഷേ, എന്തുകൊണ്ടോ ഒന്നും ഏറ്റില്ല!

അങ്ങനെ ഒരു കാര്യവുമില്ലാത്ത ഒന്നിനുവേണ്ടി വീണ്ടും അധ്വാനവും സമയവും പാഴാക്കേണ്ടതില്ല എന്ന തിരിച്ചറിവിൽനിന്നാകാം ഇന്ന് മുസ്‌ലിംകളെ കാര്യമായി മിഷണറിമാർ ലക്ഷ്യം വെക്കാത്തത്. അല്ലാതെ സെൻകുമാരൻ വിചാരിക്കുന്നത് പോലെയല്ല. ആശയപരമായ ഭദ്രതയെ പറ്റി ആത്മവിശ്വാസമുണ്ടെങ്കിൽ ഇതൊന്നും ഒരു വിഷയമേയല്ല. അതില്ല എന്ന് തോന്നുമ്പോഴാണ് ഇത്തരം പരിതാപകരമായ കരച്ചിലുകളുണ്ടാവുന്നത്!



വെറുപ്പുൽപാദന ഫാക്ടറിയായി മാറുന്ന ഇന്ത്യ

രണ്ടാം മോദി സർക്കാർ ഭരണത്തിലേറിയതു മുതൽ തീവ്ര ഹിന്ദുത്വവാദികളുടെ അഴിഞ്ഞാട്ടത്തിന് ശക്തി കൂടിയിരിക്കുകയാണ്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലൊക്കെയും മുസ്‌ലിം-ദളിത് വിഭാഗങ്ങൾ ഭരണകൂട ഭീകരതക്കും സംഘ്പരിവാറിന്റെ സംഘടിത ആക്രമണത്തിനും ഇരകളായിക്കൊണ്ടേയിരിക്കുന്നു. ഇതെല്ലാം കണ്ട് മൗനം പാലിച്ച്, ഞങ്ങളെ ബാധിക്കുന്ന പ്രശ്നമേയല്ല എന്ന മട്ടിൽ കഴിഞ്ഞുകൂടുകയായിരുന്ന ക്രൈസ്തവ വിഭാഗത്തിനു നേരെയും അവർ തിരിഞ്ഞിരിക്കുന്നു. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അക്ഷരാർഥത്തിൽ അരാജകത്വ അവസ്ഥയാണുള്ളത്. തീവ്ര ഹിന്ദുത്വവാദികൾക്ക് കൊല്ലാനും കൊന്നൊടുക്കാനും അനുമതി കൊടുത്ത് ഭരണകൂടങ്ങൾ ആനന്ദംകൊള്ളുകയാണ്. പള്ളികൾ തകർത്തും വീടുകൾ ഇടിച്ചു പൊളിച്ചും പൗരത്വം ചോദ്യം ചെയ്തും വോട്ടവകാശം നിഷേധിക്കാനുള്ള ഗൂഢശ്രമം നടത്തിയും ഭരണകൂടങ്ങൾ തീവ്രവാദികൾക്ക് പിന്തുണ നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

വർഗീയ ചേരിതിരിവുണ്ടാക്കാനും കലാപമുണ്ടാക്കാനുമുള്ള ഹീനമായ തന്ത്രങ്ങളോരോന്നും പയറ്റിക്കൊണ്ടിരിക്കുകയാണ് സംഘ്പരിവാർ. മുസ്‌ലിമായ പ്രധാനാധ്യാപകനെ സ്ഥലം മാറ്റാൻ സർക്കാർ സ്കൂളിലെ വാട്ടർ ടാങ്കിൽ വിഷം കലർത്തിയ സംഭവത്തിൽ അറസ്റ്റിലായത് ശ്രീരാമസേന നേതാവടക്കമുള്ള മൂന്നു ഹിന്ദുത്വവാദികളാണ്. കർണാടകയിലെ ബെലഗാവിയിൽ ഹൂളികട്ടി ഗ്രാമത്തിലെ പ്രൈമറി സ്കൂളിലാണ് സംഭവം. നിരവധി കുട്ടികൾ വെള്ളം കുടിച്ചതിനെ തുടർന്ന് രോഗബാധിതരായി. 13 കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് പ്രധാനാധ്യാപകൻ സുലൈമാൻ ഗുരെനായിക് പൊലീസ് സ്റ്റേഷനിൽ പരാതി നൽകുകയായിരുന്നു. സംസ്ഥാന ഭരണം ബിജെപിയുടെ കൈയിലല്ലാത്തതിനാൽ മാത്രമാണ് പ്രതികളെ കണ്ടെത്താനും അറസ്റ്റുചെയ്യാനും പൊലീസിനു കഴിഞ്ഞത്. അല്ലാത്തപക്ഷം കുറ്റം നിരപരാധിയായ പ്രധാനാധ്യാപകന്റെ പിരടിയിൽ വീഴുകയും വലിയ തോതിലുള്ള വർഗീയ കലാപത്തിന് വഴിവയ്ക്കുകയും ചെയ്യുമായിരുന്നു.

'മതമൗലികവാദവും വർഗീയ വിദ്വേഷവും ഹീനമായ പ്രവൃത്തികളിലേക്ക് നയിക്കും എന്നതിന്റെ തെളിവാണ് നിരപരാധികളായ കുട്ടികളുടെ കൂട്ടക്കൊലക്ക് കാരണമായേക്കാവുന്ന ഈ സംഭവം. അനുകമ്പയാണ് മതത്തിന്റെ അടിസ്ഥാനം എന്നു പ്രഖ്യാപിച്ച ശരണങ്ങളുടെ നാട്ടിൽ എങ്ങനെയാണ് ഇത്രയും ക്രൂരതയും വിദ്വേഷവും ഉയർന്നുവന്നത്? ഈ നിമിഷത്തിലും തനിക്കിത് വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല. മതത്തിന്റെ പേരിൽ സമൂഹത്തിൽ വിദ്വേഷം വിതച്ച് രാഷ്ട്രീയ നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന ബി.ജെ.പി നേതാക്കൾ ആത്മപരിശോധ നടത്തണം' കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു.

യുപിയിൽ തന്നെ ഹോട്ടലിൽ കയറിയ ഹിന്ദുത്വവാദികളായ ചിലർ വെജിറ്റബിൾ ഭക്ഷണം വാങ്ങുകയും രഹസ്യമായി അതിൽ എല്ലിൻ കഷ്ണം ഇട്ട് പ്രശ്നമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവമുണ്ടായി. സിസിടിവി ക്യാമറയുള്ളതുകൊണ്ട് കള്ളത്തരം പിടികൂടാൻ കഴിഞ്ഞു. വിമാനത്തിനുള്ളിൽവച്ച് 'അല്ലാഹു അക്ബർ, ട്രംപിനു മരണം' എന്ന് അട്ടഹസിച്ചതും ഒരു തീവ്രഹിന്ദുത്വ വാദിയായിരുന്നു. 'മാ ശാ അല്ലാഹ്,' 'അല്ലാഹു അക്ബർ' എന്നൊക്കെ പറഞ്ഞും എഴുതിയും അക്രമം കാണിക്കൽ ഹിന്ദുത്വരുടെ മനസ്സിന്റെ നികൃഷ്ടത വെളിവാക്കുന്ന പ്രവർത്തനമാണ്. സാമൂഹ്യ മാധ്യമങ്ങളിൽ മുസ്‌ലിം പേരിൽ വ്യാജ ഐഡിയുണ്ടാക്കി വർഗീയവിഷം ചീറ്റി വെറുപ്പുൽപാദിപ്പിക്കുന്നതും നാം കണ്ടുകൊണ്ടിരിക്കുന്നു. അതെ, നമ്മുടെ നാട് വെറുപ്പുൽപാദന ഫാക്ടറിയായി മാറിക്കൊണ്ടിരിക്കുന്നു; അല്ല, സംഘ്പരിവാർ മാറ്റിക്കൊണ്ടിരിക്കുന്നു.

മതനിരപേക്ഷ പക്ഷത്തുള്ളവർ മുഴുവൻ ഒന്നിച്ചു നിൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നു. ■

അബ്ഹജ് സുറൂർ
7594842720



എസ്ഐആർ; പിൻവാതിലിൽ മുടുന്ന എൻആർസിയോ?

‘നോട്ട് ബന്ധി’ (നോട്ട് നിരോധനം) എട്ടര വർഷം പിന്നിടുമ്പോൾ പുതിയ ചർച്ച ‘വോട്ട് ബന്ധി’(വോട്ട് നിരോധനം)യാണ്. ബീഹാറിൽ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെയാണ് സംസ്ഥാനത്ത് ‘സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ’ (എസ്ഐആർ) നടപ്പാക്കാൻ ‘തെരഞ്ഞെടുപ്പ് കമ്മീഷൻ’ (ഇ.സി) ഒരുങ്ങുന്നത്. നിലവിൽ വോട്ടർ പട്ടികയിൽ ഉള്ളവരടക്കം എല്ലാവരും തനിക്ക് വോട്ടവകാശം ഉണ്ടെന്ന് തെളിയിക്കുന്നതിനായി ആവശ്യപ്പെടുന്ന രേഖകൾ സമർപ്പിക്കേണ്ടതായി വരുന്നു എന്നതാണ് ഒളിച്ചുകടത്തപ്പെടുന്ന ഗുരുതര വിഷയം. ഇതിനെതിരെ ശക്തമായ നിലപാടിലാണ് പ്രതിപക്ഷ പാർട്ടികൾ.

1987 ജൂലൈ ഒന്നിനു മുമ്പ് ജനിച്ചവർ അവരുടെ ജന്മദിനവും ജന്മസ്ഥലവും തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. 1987 ജൂലൈ ഒന്നിനും 2024 ഡിസംബർ രണ്ടിനും ഇടയിൽ ജനിച്ചവർ സ്വന്തം ജന്മദിനവും മാതാപിതാക്കളിൽ ഒരാളുടെ ജന്മദിനവും ജന്മസ്ഥലവും തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. 2004 ഡിസംബർ 2ന് ശേഷം ജനിച്ചവർ സ്വന്തം ജന്മദിനവും മാതാപിതാക്കളുടെ ജന്മദിനവും ജന്മസ്ഥലവും തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. ഇസി ആവശ്യപ്പെടുന്ന 11 രേഖകളിൽ

> ‘ബീമാരി’(രോഗി) സംസ്ഥാനങ്ങളിൽ എണ്ണപ്പെടുന്ന സംസ്ഥാനമാണ് ബീഹാർ. വോട്ടർമാരുടെ എണ്ണത്തിൽ രാജ്യത്തെ രണ്ടാമത്തെ വലിയ സംസ്ഥാനം കൂടിയാണത്. എന്നാൽ നിരക്ഷരരോ പട്ടിണിപ്പാവങ്ങളോ ആണ് ഭൂരിഭാഗവും. മൂന്ന് ശതമാനത്തിന് താഴെ മാത്രമാണ് പാസ്പോർട്ട് ഉള്ളവർ. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരാണ് വലിയൊരു വിഭാഗം. അങ്ങനെയൊരു ജനതക്ക് 11ൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കാനാവുമോ? പട്ടിണി മാറ്റാൻ അന്യസംസ്ഥാനത്ത് ജോലി ചെയ്യുന്നവർ അതിനായി ബീഹാറിൽ എത്തുമോ? ഉത്തരമില്ലാത്ത ചോദ്യങ്ങൾ നിരവധിയാണ്.

ഏതെങ്കിലും ഒന്ന് ആയിരിക്കണം ഹാജറാക്കേണ്ടത്.

എന്നാൽ സാധാരണ ജനങ്ങളുടെ കൈവശം ഉണ്ടാകാനിടയുള്ള ആധാർ, റേഷൻ കാർഡ്, വോട്ടർ ഐ.ഡി എന്നിവ പരിഗണിക്കുന്നില്ല. ഏത് ആവശ്യത്തിനും പ്രഥമ രേഖയായി അംഗീകരിക്കാറുള്ള ആധാർ എന്തുകൊണ്ട് പരിഗണിച്ചു കൂടാ എന്ന സുപ്രീം കോടതിയുടെ ചോദ്യത്തിന് ആധാർ പൗരത്വം തെളിയിക്കുന്ന രേഖയല്ലെന്നുവരെ ഇസി മറുപടി പറഞ്ഞു. ഇസി ആവശ്യപ്പെടുന്ന രേഖകൾ സമർപ്പിച്ചില്ലെങ്കിൽ വോട്ടവകാശം നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്.

സമാനമായ രൂപത്തിൽ എസ്ഐആർ 2003ൽ ഉണ്ടായെന്നാണ് ഇസി അവകാശപ്പെടുന്നത്. വേഗത്തിലുള്ള നഗരവൽക്കരണം, കുടിയേറ്റം, പുതിയ വോട്ടർമാരെ ചേർക്കൽ, മരണപ്പെട്ടവരെ ഒഴിവാക്കൽ തുടങ്ങിയവയാണ് നിലവിലെ പ്രക്രിയയുടെ ലക്ഷ്യമായി പറയുന്നത്. എന്നാൽ ഇവയെല്ലാം വർഷംതോറും നടന്നുവരാറുള്ള Annual Summary Revision വഴി സാധ്യമാണ്. യഥാർഥത്തിൽ ഇപ്പോൾ പറഞ്ഞ രൂപത്തിലുള്ള റിവിഷൻ രാജ്യത്ത് ആദ്യമായാണ്. ഇസിയുടെ ഉത്തരവാദിത്തമാണ് വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കൽ എന്നതാണ് രാജ്യം നാളിതുവരെ സ്വീകരിച്ചുവന്ന നയം. സ്വന്തം വോട്ടവകാശം ഇസിക്ക് മുമ്പിൽ ആവശ്യപ്പെടേണ്ട സാഹചര്യമാണ് ഇതിലൂടെ ഉണ്ടാകുന്നത്. രേഖകൾ സമർപ്പിച്ച് വോട്ടവകാശത്തിനായി ഇസിക്ക് മുമ്പിൽ അഭ്യർഥിക്കുന്ന അവസ്ഥയാണിത്. അമേരിക്കയിൽ കറുത്ത വർഗക്കാർക്ക് വോട്ടവകാശം നിർബന്ധമാക്കേണ്ട സാഹചര്യമുണ്ടായപ്പോൾ അവരിൽ പരമാവധി പേരെ പട്ടികയിൽ ഉൾപ്പെടുത്താതിരിക്കാൻ അന്ന് ഭരണകൂടം അവരോട് പലതരം രേഖകൾ ആവശ്യപ്പെടുകയാണ് ചെയ്തത്. സമാനമായ രീതിയാണ് ഇന്ത്യ പരീക്ഷിക്കുന്നത്.

ഭരണഘടന 326 അനുച്ഛേദം പ്രകാരം വോട്ടവകാശത്തിന് രണ്ടു മാനദണ്ഡങ്ങളാണുള്ളത്. 18 വയസ്സ് ആവുക, ഇന്ത്യൻ പൗരനാവുക എന്നിവയാണവ. ‘പൗരത്വം’ ആഭ്യന്തര മന്ത്രാലയത്തിന്റെ പരിധിയിൽ ഉള്ളതാണ്. അതാണ് എൻആർസിയിൽ നമ്മൾ കണ്ടത്. ഇപ്പോൾ അതേ നടപടികൾ ഇസിയെ ഉപയോഗിച്ച് ചെയ്യാനുള്ള ശ്രമമാണ് നടക്കുന്നത്. ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത പക്ഷം പൗരന്റെ രാഷ്ട്രീയ അവകാശമായ വോട്ട് നിരോധിക്കപ്പെടും. രണ്ടാലൊരു മാനദണ്ഡത്തിന്റെ അഭാവത്താലാണ് വോട്ട് നിരോധിക്കപ്പെടുക എന്നതിനാൽ വോട്ട് നിരോധിക്കപ്പെടുന്നതിലൂടെ അവന്റെ പൗരത്വം ചോദ്യം ചെയ്യപ്പെടുന്നു. എളുപ്പത്തിൽ പറഞ്ഞാൽ പിൻവാതിലിലൂടെ എൻആർസിക്ക് വഴിയൊരുക്കുന്നു.

‘ബീമാരി’(രോഗി) സംസ്ഥാനങ്ങളിൽ എണ്ണപ്പെടുന്ന സംസ്ഥാനമാണ് ബീഹാർ. വോട്ടർമാരുടെ എണ്ണത്തിൽ

രാജ്യത്തെ രണ്ടാമത്തെ വലിയ സംസ്ഥാനം കൂടിയാണത്. എന്നാൽ നിരക്ഷരരോ പട്ടിണിപ്പാവങ്ങളോ ആണ് ഭൂരിഭാഗവും. മൂന്ന് ശതമാനത്തിന് താഴെ മാത്രമാണ് പാസ്പോർട്ട് ഉള്ളവർ. അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരാണ് വലിയൊരു വിഭാഗം. അങ്ങനെയൊരു ജനതക്ക് 11ൽ ഏതെങ്കിലും ഒരു രേഖ ഹാജരാക്കാനാവുമോ? പട്ടിണി മാറ്റാൻ അന്യസംസ്ഥാനത്ത് ജോലി ചെയ്യുന്നവർ അതിനായി ബീഹാറിൽ എത്തുമോ? ഉത്തരമില്ലാത്ത ചോദ്യങ്ങൾ നിരവധിയാണ്.

തൊട്ടുമുമ്പ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും കഴിഞ്ഞ വർഷങ്ങളിൽ നടന്ന മറ്റു തെരഞ്ഞെടുപ്പുകളിലും വോട്ട് ചെയ്തവർക്ക് ഈ പ്രക്രിയയിലൂടെ വോട്ട് നഷ്ടപ്പെട്ടാൽ സ്വാഭാവികമായും ഉയരുന്ന മറ്റൊരു ചോദ്യമുണ്ട്; നിലവിലെ ബിജെപി പ്രതിനിധികൾ അടക്കമുള്ള ജനപ്രതിനിധികൾ വ്യാജ വോട്ടിന്റെ പിൻബലത്തിലാണോ വിജയിച്ചത്?.

ചിലരുടെ മനോഭാവം വ്യത്യസ്തമായിരിക്കും. നിലവിൽ പൗരരുടെ എല്ലാവിധ പരിരക്ഷയുമുണ്ട്. വോട്ടവകാശം നേടാൻ ശ്രമിക്കുകയും വിഫലമാവുകയും ചെയ്താൽ വോട്ടവകാശം മാത്രമല്ല പൗരാവകാശവും നഷ്ടപ്പെട്ടേക്കാം. അതിനാൽ വോട്ടവകാശത്തിന് ശ്രമിക്കാതിരിക്കുന്നതാണ് നല്ലതെന്ന് കരുതുന്നവരും ഉണ്ടാവും.

എസ്ഐആർ ഒരു ഇന്റൻസീവ് (തീവ്ര) റിവിഷൻ ആണ്. ഇസി നിയമ പ്രകാരം തീവ്ര റിവിഷൻ വീടു വീടാന്തരം കയറിയിറങ്ങി വേണം ചെയ്യാൻ. ബീഹാറിലെ 7 കോടി 73 ലക്ഷം വോട്ടർമാരുടെ വീടു തോറും കയറിയിറങ്ങാൻ ഈ സമയം മതിയാവുകയില്ല. സമയക്കുറവും വിമർശിക്കപ്പെടുന്നുണ്ട്. എന്നാൽ സമയം മാത്രം വിമർശിക്കപ്പെടുന്നത് ശരിയല്ല. സമയം നീട്ടിയാൽ തന്നെയും ഈ പ്രക്രിയയുടെ ഉദ്ദേശ്യവും നടപടിയും എതിർക്കപ്പെടേണ്ടതാണ്.

ബംഗാൾ പോലെയുള്ള സംസ്ഥാനങ്ങളിൽ ഇത് നടപ്പിലാക്കിയാൽ ദൂരവ്യാപകമായ പ്രത്യാഘാതമായിരിക്കും ഉണ്ടാവുക. ഇതിന്റെ ബാക്കിപത്രമെന്ന നിലക്ക് വോട്ട് നഷ്ടപ്പെടുന്നവരുടെ കണക്ക് മുൻനിർത്തി കേന്ദ്ര സർക്കാറിന് എൻആർസി നടപ്പാക്കുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കാനാവും.

ഭരണകൂടം ഇസിയെ വിലക്കെടുത്തിരിക്കുന്നു എന്ന് കരുതിയാൽ തെറ്റു പറയാനാവില്ല. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമന ചട്ടം 2023ൽ ഭേദഗതി ചെയ്തു. പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, ലോക്സഭാ പ്രതിപക്ഷ നേതാവ് എന്നിവർ ചേർന്ന് നിയമിക്കണം എന്ന നിയമം പ്രധാനമന്ത്രി, ഒരു ക്യാബിനറ്റ് മന്ത്രി, ലോക്സഭാ പ്രതിപക്ഷ നേതാവ് എന്നാക്കി മാറ്റി. 2:1 അനുപാതത്തിൽ ഭരണകൂടം ഉദ്ദേശിക്കുന്നവർ മുഖ്യ കമ്മീഷണറായി നിയമിക്കപ്പെടാൻ തുടങ്ങി. 85 മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് നാളിതുവരെ കണ്ടിട്ടില്ലാത്ത വ്യാപക ക്രമക്കേടുകൾക്ക് മഹാരാഷ്ട്ര തെരഞ്ഞെടുപ്പ് സാക്ഷിയായി. ലോക്സഭ തെരഞ്ഞെടുപ്പ് വേളയിൽ പെരുമാറ്റച്ചട്ടത്തിന്റെ പേരിൽ പ്രധാനമന്ത്രി, ആഭ്യന്തരമന്ത്രി, യുപി മുഖ്യമന്ത്രി എന്നിവർക്കെതിരെ എണ്ണമറ്റ കേസുകൾ ഉണ്ടായിട്ടും ഒന്നിനും നടപടിയുണ്ടായില്ല.

ഇത്തരത്തിൽ ഇസിയെ ഉപയോഗപ്പെടുത്തി വോട്ടവകാശം നഷ്ടപ്പെടുത്തുന്നത് എന്തിന്? ഉത്തരം വർഷങ്ങൾക്കു മുമ്പ് എംഎസ് ഗോൾവാൾക്കർ തന്റെ We or our Nationhood Definedൽ രേഖപ്പെടുത്തിയിട്ടുണ്ട്: "ഹിന്ദുസ്ഥാനിലെ അഹിന്ദുക്കൾ ഒന്നുകിൽ ഹിന്ദു സംസ്കാരവും ഭാഷയും സ്വീകരിക്കുകയോ അല്ലെങ്കിൽ അവകാശങ്ങൾ ഒന്നുമില്ലാതെ, പൗരാവകാശങ്ങൾ പോലും ഇല്ലാതെ പൂർണമായി കീഴ്പ്പെട്ട് ഇവിടെ കഴിഞ്ഞുകൂടുകയോ ചെയ്യണം."



പർദ; എനിക്കും പറയാനുണ്ട് ചിലത്

ഉമ്മു ഇമ്രാൻ, അരീക്കോട്

ചെറുപ്പത്തിൽ പർദ എന്നത് മദ്റസയിലേക്ക് പോകുമ്പോൾ മാത്രം ധരിച്ചിരുന്ന ഒന്നാണ്. പിന്നീടത് കോളേജ് കാലഘട്ടത്തിലെ യൂണിഫോം ആയി മാറി. അന്നേ മുറുമുറുപ്പുകൾ ഉണ്ടായിരുന്നു. മിക്സഡ് കോളേജാണെങ്കിലും ആൺ-പെൺ കൂടിച്ചേരലിന് പഴുതില്ലാത്ത, തികച്ചും ഇസ്ലാമികമായ അന്തരീക്ഷം. കോളേജിലെ ഈയൊരു അന്തരീക്ഷവും പർദയും മാറ്റത്തിനുള്ള ഒരു തുടക്കമായിരുന്നു. ഇന്നുവരെയും അത് ഒഴിവാക്കിയിട്ടില്ല. വിവാഹത്തിനു ശേഷം നിഖാബും ധരിച്ചു തുടങ്ങി. നല്ലപാതി കൂടെ നിന്നു.

അത് വല്ലാത്തൊരു കവചം തന്നെയാണ്; അല്ല, കവചമായിട്ടാണല്ലോ റബ്ബ് അതിനെ നമുക്ക് പരിചയപ്പെടുത്തിയത്: "നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു"(ഖുർആൻ 33:59).

'കല്യാണത്തിനും പർദയോ' എന്ന് വിസ്മയത്തോടെ ചോദിക്കുന്നവരുണ്ടായിരുന്നു; കുടുംബത്തിൽപോലും! കല്യാണത്തിന് പോകാൻ സാരിയല്ലേ നല്ലത് എന്ന് ചോദിച്ചവരോട് 'എനിക്ക് പർദയാണിഷ്ടം' എന്ന് പറഞ്ഞു പ്രിയതമൻ കൂടെ നിന്നു. 'കൊക്കാച്ചി... വവ്വാൽ...' തുടങ്ങിയ പരിഹാസ വാക്കുകൾ കറുത്ത മൂടുപടം അണിഞ്ഞിറങ്ങുമ്പോൾ കേട്ടിട്ടുണ്ട്. റബ്ബ് നിശ്ചയിച്ച വസ്ത്രം ധരിച്ചതിനാലാണല്ലോ ഈ പരിഹാസം, അതുകൊണ്ട് അത് കേൾക്കുന്നതിനും പ്രതിഫലം ലഭിക്കുമെന്ന ചിന്ത സന്തോഷം നൽകി.

അന്ന് വിമർശിച്ചവരടക്കം ഇന്ന് പർദയിലേക്ക് മടങ്ങിയത് കാണുമ്പോൾ സന്തോഷമാണ്. എന്നാൽ പലരും പർദയുടെ അന്തസ്സത്തക്ക് യോജിക്കാത്ത വിധത്തിലുള്ള, ശരീരഭാഗങ്ങൾ മുഴച്ചുകാണിക്കുന്ന രൂപത്തിലുള്ള പർദ ധരിക്കുന്നു എന്നത് ഖേദകരമാണ്. പർദ ഫാഷനോ സൗന്ദര്യം പ്രകടിപ്പാനുള്ളതോ അല്ലല്ലോ.

നമ്മൾ മാതൃക കാണിച്ചാൽ നമ്മുടെ മക്കൾ കൂടെയുണ്ടാകും. അവർ നമ്മെ എല്ലാ കാര്യങ്ങളിലും മാതൃകയാക്കും. അതാണ് എന്റെ അനുഭവം. എന്റെ മക്കൾ പർദയെ അത്രമേൽ ഇഷ്ടപ്പെടുന്നത് സന്തോഷം നൽകുന്ന കാര്യമാണ്. മരണം നടന്ന വീടുകളിലേക്കും മതപഠന ക്ലാസ്സുകളിലേക്കും പോകുമ്പോൾ മാത്രം പർദ ധരിച്ചാൽ മതി എന്ന നിലപാടുള്ള ചില സഹോദരിമാരുണ്ട്. കല്യാണത്തിനും യാത്രയിലുമൊക്കെ മോഡൽ വസ്ത്രങ്ങളും. അതാണത്രെ സൗകര്യം. പർദയിട്ട് യാത്ര ചെയ്യുമ്പോൾ ഒരു അസൗകര്യവും ഞാൻ അനുഭവിച്ചിട്ടില്ല.

എനിക്ക് പർദ ഉയർച്ചയേ നൽകിയിട്ടുള്ളൂ. ആത്മാഭിമാനവും ആത്മവിശ്വാസവും വർധിപ്പിച്ചിട്ടേയുള്ളൂ. അതുകൊണ്ട് എനിക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല. മറ്റുള്ളവരുടെ മുഖം കോട്ടലുകൾ, കുത്തുവാക്കുകൾ ഒക്കെ ഞാൻ അനുഭവിച്ചിട്ടുണ്ട്. എന്നാൽ എതിർപ്പുകൾ എനിക്ക് കരുത്താണ് സമ്മാനിച്ചത്.

"...അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്നപക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്" (65:2,3).

സഹോദരിമാരേ, വിമർശകരുടെ വാക്കുകൾ കേട്ട് ഇസ്ലാമിക വസ്ത്രധാരണ രീതിയെ നമ്മളാരും ആക്ഷേപിക്കരുത്. സ്വന്തം ശരീരത്തെ പ്രദർശന വസ്തുവാക്കാൻ താൽപര്യമുള്ളവർ അങ്ങനെ ചെയ്യട്ടെ. റബ്ബിന്റെ നിയമങ്ങൾക്കനുസരിച്ച് ജീവിക്കുന്നവർക്ക് അത് പറ്റില്ലല്ലോ.



മൂസ സ്വലാഹി കാര
: 97473 45768

തൗഹീദ് അദ്വൈതം സമസ്ത

അഹ്ലുസ്സുന്നയുടെ ആദർശ പാരമ്പര്യത്തിലേക്കും നാളിതുവരെയുള്ള നവോത്ഥാന പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്നവരുടെ ശ്രേണിയിലേക്കും വലിഞ്ഞുകയറാൻ തക്കം പാർത്തിരിക്കുന്നവരാണ് സമസ്ത മുസ്‌ലിയാക്കന്മാർ. ശിയാ, സൂഫീ, ബറേൽവി എന്നീ വ്യതിയാന വിഭാഗങ്ങളുടെ പിഴച്ച വാദങ്ങളെ പിൻപറ്റുന്ന ഇക്കൂട്ടർ അഹ്‌ലുസ്സുന്നക്ക് ഏൽപിച്ച പരിക്ക് ചില്ലറയൊന്നുമല്ല. നേർമാർഗത്തിൽനിന്ന് പാടെ അകന്നുള്ള ഇവരുടെ പോക്ക് വളരെ അപകടം പിടിച്ചതാണ്.

അല്ലാഹു പറയുന്നു: “അല്ലാഹു അവതരിപ്പിച്ചതിലേക്കും റസൂലിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, ‘ഞങ്ങളുടെ പിതാക്കളെ ഏതൊരു നിലപാടിലാണോ ഞങ്ങൾ കണ്ടെത്തിയത്, അതു മതി ഞങ്ങൾക്ക് എന്നായിരി

> മറ്റു വിശ്വാസധാരകളിൽ നിന്ന് മതത്തെ വ്യതിരിക്തമാക്കുന്ന ഏറ്റവും മൂല്യവത്തായ ആദർശമാണ് തൗഹീദ്. എന്നാൽ പാരമ്പര്യ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നു എന്നവകാശപ്പെട്ട് വ്യക്തമായ അദ്വൈത ദർശനത്തിലേക്കാണ് പുരോഹിതന്മാർ വിശ്വാസികളെ കൊണ്ടുചെന്നെത്തിക്കുന്നത്.

വഹിച്ചുകൊണ്ടിരിക്കുന്ന ദൗത്യ മതാണ്" (സുപ്രഭാതം പ്രത്യേക പതിപ്പ്/2025 ജൂൺ 26 വ്യാഴം/ പേജ് 3).

"സമസ്ത പ്രവർത്തനം സജീവമാക്കിയപ്പോൾ കേരളത്തിലെ മുഴുവൻ പണ്ഡിതന്മാരും അതിന്റെ പ്രവർത്തകരായി മാറി. പൊതുജനങ്ങൾ അവർക്കു പിന്നിൽ അണിനിരന്നു. അഹ്‌ലുസ്സുന്നയുടെ ആദർശം സംരക്ഷിക്കുന്നതിലും മതപരിഷ്കരണ വാദങ്ങളെ പ്രതിരോധിക്കുന്നതിലും സമസ്ത വിജയിച്ചു" (സുന്നിവോയ്സ്/2025 ഫെബ്രുവരി 1-15/ പേജ് 24).

"എന്നാൽ, അത്തരം വിവാദങ്ങളും പ്രശ്നങ്ങളും കടന്നുവരാതെ കേരളത്തെ കോട്ടകെട്ടി സംരക്ഷിക്കുന്നതിൽ ഇവിടുത്തെ പണ്ഡിത മഹത്തുക്കൾ ഏറെ ജാഗ്രത പുലർത്തി. പക്ഷേ, അതിനെയെല്ലാം തകർത്തുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വഹാബിസം പോലെയുള്ള ചിന്താപ്രസ്ഥാനങ്ങൾ കേരള മുസ്‌ലിംകളിലേക്കും നുഴഞ്ഞുകയറാൻ തുടങ്ങി. ആ സന്ദർഭത്തിലാണ് പാരമ്പര്യ ഇസ്‌ലാമിന്റെ ആദർശ സംരക്ഷണത്തിനായി പണ്ഡിതന്മാർ രംഗത്തിറങ്ങുന്നതും അവർ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ രൂപീകരിക്കുന്നതും" (സുപ്രഭാതം പ്രത്യേക പതിപ്പ്/2025 ജൂൺ 26 വ്യാഴം/പേജ് 3).

തങ്ങളുടെ പാരമ്പര്യം ശിയാഇസമാണെന്ന ഉത്തമ ബോധ്യത്തോടെ തുടരെ തുടരെ 'പാരമ്പര്യ ഇസ്‌ലാം' അവകാശപ്പെടുന്നത് ജാള്യത മറച്ചുവെക്കാനാണ്. 'മതത്തിന്റെ പേരിൽ സ്വന്തമായി നിർമിച്ചെടുത്ത ഒരു പ്രത്യേകമായ ആദർശമോ ഐഡിയോളജി സമസ്തക്കില്ല'

ക്കും അവർ പറയുക: അവരുടെ പിതാക്കൾ യാതൊന്നുമറിയാത്തവരും സന്മാർഗം പ്രാപിക്കാത്തവരും ആയിരുന്നാൽ പോലും (അത് മതിയെന്നോ?)" (5:104).

ഇബ്നു കസീർ(റഹ്)പറയുന്നു: "അല്ലാഹുവിന്റെ ദീനിലേക്കും അവൻ നിർബന്ധമാക്കിയതും വിലക്കിയതുമായ നിയമത്തിലേക്കും അവർ വിളിക്കപ്പെട്ടാൽ ഞങ്ങളുടെ പൂർവപിതാക്കൾ പ്രവേശിച്ച വഴികൾ ഞങ്ങൾക്ക് മതിയായതാണെന്ന് അവർ പറയും; അക്കൂട്ടർ സത്യം അറിയാത്തവരും ഗ്രഹിക്കാത്തവരും പ്രാപിക്കാത്തവരായിരുന്നാലും. ഈ അവസ്ഥയിലുള്ളവരെ എങ്ങനെ പിൻപറ്റാനാകും? അവരെക്കാൾ അജ്ഞനും വഴിപിഴച്ചവനുമല്ലാതെ അവരെ തുടരുകയില്ല."

അഹ്‌ലുസ്സുന്നയുടെ പാരമ്പര്യവും സമസ്തക്ക് തോന്നിയ അത്യപ്പവും

അല്ലാഹുവിന് അവകാശപ്പെട്ടതിൽ ഒന്നിനെയും പങ്കുചേർക്കാതെയും നബി(സ്വ)യുടെ അധ്യാപനങ്ങളിൽ മായം ചേർക്കാതെയും പ്രമാണങ്ങൾ കൊണ്ട് നിലപാടുറപ്പിച്ചും ജീവിക്കുക എന്നതാണ് അഹ്‌ലുസ്സുന്നയുടെ സവിശേഷത. എന്നാൽ ശിയാ ആശയങ്ങളെ പിൻപറ്റുന്ന പുരോഹിതന്മാർ യഥാർഥ ആദർശത്തോട് പുറംപൂച്ച് കാണിച്ച് സമൂഹത്തിൽ ഇടപഴകുകയും ഞങ്ങൾ അഹ്‌ലുസ്സുന്നയാണെന്ന് വരുത്തിവെക്കാനുള്ള പ്രസ്താവനകൾ മുട്ടില്ലാതെ തട്ടിവിടുകയും ചെയ്യുന്നു. ഉദാഹരണമെന്നോണം ചിലത് വായിക്കാം:

"പാരമ്പര്യ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുകയാണ് സമസ്ത. മതത്തിന്റെ പേരിൽ സ്വന്തമായി നിർമ്മിച്ചെടുത്ത ഒരു പ്രത്യേകമായ ആദർശമോ ഐഡിയോളജിയോ സമസ്തക്കില്ല. ലോകത്തെ മുസ്‌ലിം മഹാഭൂരിപക്ഷം നാളിതുവരെ പ്രതിനിധാനം ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ പാരമ്പര്യ ഇസ്‌ലാമിന്റെ നയനിലപാടുകളും സമീപന രീതികളും സംരക്ഷിച്ചു നിർത്തുക എന്നതാണ് സമസ്തയുടെ ദൗത്യം. ഒരു നൂറ്റാണ്ടുകാലമായി സമസ്ത കേരളത്തിൽ നിർ

തങ്ങളുടെ പാരമ്പര്യം ശിയാഇസമാണെന്ന ഉത്തമ ബോധ്യത്തോടെ തുടരെ തുടരെ 'പാരമ്പര്യ ഇസ്‌ലാം' അവകാശപ്പെടുന്നത് ജാള്യത മറച്ചുവെക്കാനാണ്. 'മതത്തിന്റെ പേരിൽ സ്വന്തമായി നിർമിച്ചെടുത്ത ഒരു പ്രത്യേകമായ ആദർശമോ ഐഡിയോളജിയോ സമസ്തക്കില്ല' എന്ന് വിളിച്ചുപറയേണ്ടിവരുന്നതു തന്നെ മതത്തിൽ പുതുനിർമിതികൾ കടത്തിക്കൂട്ടുന്നവരായതു കൊണ്ടാണ്. അവിശ്വാസത്തിന്റെ അടിസ്ഥാനമായ 'കൊടുത്ത കഴിവ്' തത്ത്വമാക്കി ആരാധനയാകുന്ന പ്രാർഥനയും സഹായ തേട്ടവുമൊക്കെ വ്യാജ ഔലിയാക്കന്മാരെ അടക്കം ചെയ്ത ജാറങ്ങൾക്ക് മുമ്പിൽ സമർപ്പിക്കാൻ മുന്നിൽ നിൽക്കുന്നവരാണിവർ

എന്ന് വിളിച്ചുപറയേണ്ടിവരുന്നതു തന്നെ മതത്തിൽ പുതുനിർമിതികൾ കടത്തിക്കൂട്ടുന്നവരായതു കൊണ്ടാണ്. അവിശ്വാസത്തിന്റെ അടിസ്ഥാനമായ 'കൊടുത്ത കഴിവ്' തത്ത്വമാക്കി ആരാധനയാകുന്ന പ്രാർഥനയും സഹായ തേട്ടവുമൊക്കെ വ്യാജ ഔലിയാക്കന്മാരെ അടക്കം ചെയ്ത ജാറങ്ങൾക്ക് മുമ്പിൽ സമർപ്പിക്കാൻ മുന്നിൽ നിൽക്കുന്നവരാണിവർ. സാധാരണക്കാർക്ക് പോലും എളുപ്പത്തിൽ മനസ്സിലാകുന്ന പ്രാർഥനയെ ഇവർ ദുർവ്യാഖ്യാനിച്ച് ശിർക്കിന് വഴിയൊരുക്കുന്നത് കാണുക:

"ഇമാം റാസി പറയുന്നു: അടിസ്ഥാനപരമായി ദുആ എന്നാൽ ഒരു അബ്ദ് റബ്ബിനോട് തേടുന്ന അർത്ഥനയാണ്" (റാസി 5262). ഈ നിർവചനാടിസ്ഥാനത്തിൽ ബദ്‌രീങ്ങളേ കാക്കണേ എന്ന അർത്ഥന ദുആയാവുന്നത് ചോദിക്കുന്ന വ്യക്തി ചോദിക്കപ്പെടുന്ന ബദ്‌രീങ്ങളുടെ അടിമയും ബദ്രീങ്ങൾ ചോദിക്കുന്ന വ്യക്തിയുടെ ഉടമയും എന്ന് ചോദിക്കുന്നവൻ വിശ്വസിക്കുമ്പോൾ മാത്രമാണ്" (സുന്നിഅഫ്കാർ/2023 ആഗസ്റ്റ് 16/പേജ് 36).

പ്രാർഥനയാകുന്ന ഇസ്തിഗാസയെയും ഇതേപോലെ ദുർവ്യാഖ്യാനിച്ചിട്ടുണ്ട്. നാട്ടിക വി. മൂസ മുസ്‌ലിയാർ എഴുതിയത് കാണുക:

"ജീവിതകാലത്തെന്നപോലെ മരണാനന്തരവും ദൈവേതരരൊക്കെ ദൈവാശ്രയത്തിന് വിധേയമാണെന്ന സത്യവിശ്വാസം വെച്ചുപുലർത്തുന്നവർ സഹായം തേടുന്നതിൽ യാതൊരു വിരോധവുമില്ല" (സുന്നത്ത് ജമാഅത്തിനൊരു മുഖവുര/പേജ് 35).

ശഫാഅത്ത് എന്നു പേരിട്ട്, മരണപ്പെട്ടവരുടെ ആത്മാക്കളോട് പാപമോചന തേട്ടം നടത്താമെന്ന ഗുരുതരമായ പാപത്തെയും ഇവർ ന്യായീകരിക്കുന്നു:

"പ്രവാചകന്മാരുടെയും ഇമാമുമാരുടെയും ദർഗകളുമായി അടുപ്പം പുലർത്തുന്നതിന്റെ ലക്ഷ്യം സിയാറത്തും സഹായം തേടലുമാണ്. അവരുടെ ആത്മാക്കളോട് പാപമോചനവും ലക്ഷ്യ പൂർത്തീകരണവും ആവശ്യപ്പെടലാണ് സയാഹം തേടൽ. ഈ സഹായത്തിന് ശഫാഅത്ത് എന്നു പറയുന്നു. ഇതിന് ഒരു ഭാഗത്തുനിന്ന് സഹായം തേടലും മറുഭാഗത്തുനിന്ന് സഹായിക്കലുമുണ്ടായിരിക്കണം" (സുന്നിവോയ്സ്/2025 ഫെബ്രുവരി 1-15/പേജ് 13).

ശിയാക്കളെ അനുഗമിക്കുന്ന സൂഫികൾ യഥാർഥ തൗഹീദിനെ വലിച്ചെറിഞ്ഞ് 'ശരീഅത്തിലൂടെ ത്വരീഖത്തിൽ കയറി അല്ലാഹുവിൽ ലയിക്കുക' എന്ന പുതിയ വിശ്വാസം മെനഞ്ഞെടുത്തു. ആ വിശ്വാസം അക്ഷരം പ്രതി സമസ്തക്കാരും ചുമന്ന് നടക്കുന്നു:

"അൽ ഫനാ, വൽ ബഖാ: യഥാക്രമം ലയനം, സ്ഥിരത. മഹാത്മാക്കൾ അല്ലാഹുവിൽ ലയിക്കുന്നു; സ്വന്തമായി അവർക്കൊന്നുമില്ല; എന്നല്ല അവരേയില്ല. വെള്ളത്തിൽ ലയിക്കുന്ന പഞ്ചസാര അതിൽ ശാശ്വതമാണ്; സ്ഥിരമാണ്. ഔലിയാക്കളിൽ ചിലർ പൂർണ ലയനം പ്രാപിച്ചാൽ അല്ലാഹു ഞാൻ, ഞാൻ അല്ലാഹു എന്നു തിരിച്ചും മറിച്ചും പറയും. തീയലിട്ട ഇരുമ്പ് തീ പോലാകുമല്ലോ" (ത്രിമാന തീർത്ഥം/മുസ്തഫൽ ഫൈസി/പേജ് 117,118).

'ഫനാ' എന്ന സൂഫീ പ്രയോഗ പ്രകാരം വ്യാജ ഔലിയ അല്ലാഹുവിൽ ലയിച്ച് അയാളും മുന്നിൽ കാണുന്നതുമെല്ലാം അല്ലാഹു എന്ന ചിന്തയിലേക്ക് പ്രവേ

ശിക്കും. 'ലാ മൗജൂദ ഇല്ലല്ലാ'(അല്ലാഹുവല്ലാതെ ഒന്നുമില്ല) എന്ന സൂഫീ മുദ്രാവാക്യം പിറവിയെടുത്തതും ഇതിൽനിന്നാണ്! അങ്ങനെ ശങ്കരാചാര്യരുടെ അദ്വൈത വാദത്തെയും സമസ്ത കോപ്പിയടിച്ചു!

"നിഗൂഢ സൂഫീവ്യവഹാരങ്ങളിൽ അധികവും കടന്നുവരുന്ന ഒരു താരതമ്യമാണ് ഇബ്നു അറബിയുടെ വഹ്ദത്തുൽ വുജൂദ്, ഇമാം സുഹ്റവർദിയുടെ ഹിക്മത്തുൽ ഇശ്റാഖ്, ശങ്കരന്റെ അദ്വൈത വാദം എന്നിവ. ആദ്യം പറഞ്ഞവയുടെ വിപരീതമാണ് അവസാനത്തേത് എന്നിരിക്കെ മൂന്നും ഒന്നാണെന്ന് വരുത്തുന്ന ഗവേഷണങ്ങൾ അതിന്റെ ഉപജ്ഞാതാക്കളോട് ചെയ്യുന്ന പാതകമാണ്. ഒന്നേ കൂട്ടണം ഒന്നേ കൂട്ടണം ഒന്ന് സമം എന്ന് വായിക്കാതെ ഒന്നേ ഗുണിക്കണം ഒന്നേ ഗുണിക്കണം ഒന്ന് സമം ഒന്ന് എന്ന കപട യുക്തിയാണത്" (സുപ്രഭാതം, 2024 ഒക്ടോബർ 18, വെള്ളി/ പേജ് 6).

എന്താണ് അദ്വൈത സിദ്ധാന്തം? "വേദാന്തത്തിന്റെ മൂന്ന് ഉപദർശനങ്ങളിൽ ഒന്നാണ് അദ്വൈത സിദ്ധാന്തം. ദ്വൈതവും വിശിഷ്ടാദ്വൈതവുമാണ് വേദാന്തത്തിന്റെ മറ്റ് രണ്ട് ഉപദർശനങ്ങൾ. അദ്വൈതം എന്നാൽ രണ്ട് അല്ലാത്തത് എന്നാണർഥം. മനുഷ്യനും ഈശ്വരനും ഒന്നാകുന്ന ഭാവം. അദ്വൈതം എന്ന വാക്ക് സൂചിപ്പിക്കുന്നത് ആത്മാവും ബ്രഹ്മവും ഒന്നാണ് എന്നതാണ്. അതായത് ജീവാത്മാവായ മനുഷ്യനും പരമാത്മാവായ ഭഗവാനും ഒന്നാണെന്ന സങ്കല്പം. ഇതിനെ ജീവാത്മാ-പരമാത്മാ ഐക്യം എന്ന് പറയുന്നു.

വേദാന്തത്തിന്റെ എല്ലാ ദർശനങ്ങളുടെയും അടിസ്ഥാന സ്രോതസ്സ് പ്രസ്ഥാനത്രയിയാണ്. അദ്വൈത തത്ത്വങ്ങളെ വ്യക്തമായി സംയോജിപ്പിച്ച ആദ്യ വ്യക്തി ആദി ശങ്കരനാണ്. എന്നാൽ ചരിത്രപരമായി ഈ ആശയത്തിന്റെ ആദ്യ വക്താവ് ശങ്കരാചാര്യന്റെ ഗുരുവിന്റെ ഗുരുവായ ഗൗഡപാദരാണ്.

അദ്വൈതം വിശിഷ്ടാദ്വൈതവും ഒഴികെയുള്ള എല്ലാ സിദ്ധാന്തങ്ങളും ദ്വൈതമാണ്. ദ്വൈത സിദ്ധാന്തമനുസരിച്ച് ദൈവം എന്ന സ്രഷ്ടാവും, സൃഷ്ടി എന്ന പ്രപഞ്ചവും വെവ്വേറെയാണ്. സ്രഷ്ടാവ് സൃഷ്ടിച്ചതിനാൽ ഇവ തമ്മിൽ സൃഷ്ടിക്കുക എന്ന പ്രക്രിയയിലൂടെ ഒരു കാര്യകാരണ ബന്ധവുമുണ്ട്. ദൈവവും സത്യമാണ്, ലോകവും സത്യമാണ്. ഈ കാര്യകാരണ ബന്ധത്തെ അദ്വൈതം അംഗീകരിക്കുന്നില്ല. സത്യം എന്ന വാക്കിന് താത്വികമായി മൂന്നു കാലങ്ങളിലും മാറാതെ നിൽക്കുന്നത്എന്നു കൂടി അർഥമുണ്ട്.. മാറ്റം എന്നത് മുമ്പത്തെ അവസ്ഥയുടെ മരണവും ഇപ്പോഴത്തെ അവസ്ഥയുടെ ജനനവുമാണ്. അതുകൊണ്ട് മാറ്റമില്ലാത്തതു മാത്രമെ ജനന മരണത്തിന്ന് അതീതമായിരിക്കൂ. അദ്വൈതസിദ്ധാന്ത പ്രകാരം സത്യമായത് ഒന്നു മാത്രമേയുള്ളൂ. ലോകം മിഥ്യയാണ്. എന്തെന്നാൽ സൃഷ്ടി നടന്നിട്ടേയില്ല" (വിക്കിപീഡിയ).

ഞങ്ങളുടെത് ശങ്കരന്റെ അദ്വൈത സിദ്ധാന്തമല്ല എന്നു പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിച്ചിട്ട് കാര്യമില്ല. അല്ലാഹുവിന്റ മതം പഠിപ്പിക്കാത്ത ദൈവവിശ്വാസം തന്നെയാണ് സൂഫികളിൽനിന്നും കടംകൊണ്ട് നിങ്ങൾ പ്രചരിപ്പിക്കുന്നത്.

കൂട്ടിയാലും ഗുണിച്ചാലും ശരി ഇത് പുത്തൻവാദമാണ്. ഞാൻ അല്ലാഹുവാണെന്ന് ഒരാൾ പറഞ്ഞാൽ അയാൾക്ക് ഇസ്ലാമിൽ എന്തു സ്ഥാനമാണുള്ളത്. അല്ലാഹുവിന്റെ റസൂലി(സ്വ)നോ ഖലീഫമാർക്കോ 'അല്ലാഹുവിൽ പൂർണമായി ലയിക്കുക' എന്ന എന്ന അവസ്ഥയുണ്ടായിട്ടുണ്ടോ? ഞാനാണ് നിങ്ങളുടെ റബ്ബ് എന്നു പറഞ്ഞ ഫിർഔൻ സമസ്തക്കാരുടെ വാദപ്രകാരം തെറ്റുകാരനാകുമോ? സ്രഷ്ടാവും സൃഷ്ടികളും ഏതെങ്കിലും അവസ്ഥയിൽ ഒന്നായിത്തീരുമെന്നതിന് എന്തെങ്കിലും തെളിവ് സമസ്തക്കാർക്ക് ഹാജറാക്കാൻ കഴിയുമോ?

അല്ലാഹു ചോദിക്കുന്നു: "അപ്പോൾ, സൃഷ്ടിക്കുന്നവൻ സൃഷ്ടിക്കാത്തവരെപ്പോലെയാണോ? നിങ്ങളെന്താണ് ആലോചിച്ച് മനസ്സിലാക്കാത്തത്?" (ക്വുർആൻ 16:17).

അന്ധവിശ്വാസികൾ അന്ധവിശ്വാസങ്ങളെ ചെറുക്കുകയോ?

തെറ്റു ചെയ്യുന്നവർ എപ്പോഴും സമൂഹത്തിനു മുന്നിൽ ഞാൻ നല്ലവനാണ് എന്നു വരുത്തിത്തീർക്കാൻ ശ്രമിക്കും; താൻ ചെയ്യുന്ന തെറ്റുകളെ ന്യായീകരിക്കാൻ പാടുപെടുകയും ചെയ്യും. അതുതന്നെയാണ് സമസ്തയും ചെയ്തുകൊണ്ടിരിക്കുന്നത്.

"വഹാബിസം, ഖാദിയാനിസം, മൗദൂദിസം, തബ്ലീഗിസം, എം.ഇ.എസ്, സി.എൻ മൗലവിയാദികളുടെ മോഡേണിസം, ചേകന്നൂരിസം, കപട സൂഫിസം തുടങ്ങിവയ്ക്കെതിരെ രംഗത്തിറങ്ങാനും പ്രതിരോധ നൈരന്തര്യത്തിൽ ഏർപ്പെടാനും സമസ്ത പണ്ഡിതന്മാരെ പ്രചോദിപ്പിച്ചത്, സമുദായത്തിന്റെ ഐക്യവും കെട്ടുറപ്പും തകരരുതെന്ന ചിന്തയാണ്. സമുദായത്തിനകത്ത് പുതിയൊരു ചിന്താധാര

> തൗഹീദിൽനിന്നുള്ള വ്യതിചലനം വ്യക്തികളുടെയും സമുദായത്തിന്റെയും അധഃപതനത്തിനു കാരണമാകുമെന്നതിൽ സംശയമില്ല. 'നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ' എന്നാണ് അല്ലാഹു പഠിപ്പിച്ചിട്ടുള്ളത്. പക്ഷേ, പൗരോഹിത്യത്തിന്റെ തെറ്റായ നിലപാടു കാരണം സമുദായം തൗഹീദിൽനിന്ന് അകലുന്നു. രോഗം വന്നാലും മറ്റു പ്രയാസങ്ങൾ ഉണ്ടായാലും മക്കളുണ്ടാകാത്ത അവസ്ഥയിലുമൊക്കെ അല്ലാഹുവിനോട് മാത്രം പ്രാർഥിച്ച്, അവനിൽ മാത്രം പ്രതീക്ഷയർപ്പിച്ച് കഴിയേണ്ടതിനു പകരം സൃഷ്ടികളോടു തേടുന്നു. അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചും അവരുടെ പേരിൽ നേർച്ചവഴിപാടുകൾ നേർന്നും അവരിൽ ഭരമേൽപിച്ചും തൗഹീദിന് നേർവിപരീതമായ ശിർക്കിൽ ആപതിച്ചു പോകുന്നു

കൂടി ഉടലെടുക്കുന്നു എന്നതിന്റെ അർഥം പുതിയൊരു ചേരിതിരിവുകൂടി രംഗപ്രവേശം ചെയ്യുന്നു എന്നാണ്. ഓരോ പുതിയ വാദക്കാർ വരുമ്പോഴും ആഭ്യന്തര വിള്ളലുകളും ആന്തരിക വിടവുകളും കൂടുന്നു എന്നാണ് അർഥം. ഇതു തിരിച്ചറിഞ്ഞതുകൊണ്ടാണ് ശൈഥില്യത്തിന്റെ വൈറസ് ബാധിച്ച ബിദഇകളെ സമുദായം മാറ്റിനിർത്തണമെന്ന് ഗൗരവം ചോരാത്ത ഭാഷയിയിൽ തന്നെ സമസ്ത ആഹ്വാനം ചെയ്തത്" (സുപ്രഭാതം പ്രത്യേക പതിപ്പ്/2025 ജൂൺ 26, വ്യാഴം/ പേജ് 3).

ജിഫ്രി മുത്തുക്കോയ തങ്ങൾ അഭിപ്രായപ്പെട്ടത് കാണുക: "ബിദ്അത്ത് - അനാചാരങ്ങളിൽ നിന്നും മുസ്ലിംകളെ തടയാൻ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ശക്തമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. മുസ്ലിം ലോകം അഗീകരിക്കുകയും ചെയ്തുപോരുന്നതുമായ സുന്നത്തുകളിൽനിന്നും അംഗീകരിക്കപ്പെട്ട ആചാരങ്ങളിൽനിന്നും മുസ്ലിംകളെ പിന്നോക്കം കൊണ്ടുവരാൻ ഇവിടുത്തെ ബിദഈ പ്രസ്ഥാനങ്ങൾ ശ്രമിച്ചിട്ടുണ്ട് എന്നുള്ളത് ഒരു യഥാർഥ്യമാണ്. അപ്പോൾ യഥാർഥത്തിൽ നവോത്ഥാനത്തിന് എതിരായിട്ടാണ് ബിദഈ പ്രസ്ഥാനങ്ങൾ പ്രവർത്തിച്ചിട്ടുള്ളത്. ഇത് നവോത്ഥാനത്തിന് കോടാലി വെക്കലാണ്" (അൽ മുനീർ'22/പേജ് 31).

"സമുദായത്തിന്റെ ന്യായമായ അവകാശങ്ങൾക്കു വേണ്ടി നിലകൊള്ളാനും മതേതര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാനും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രവർത്തിക്കാനും സമസ്ത എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുക എന്നത് സമസ്തയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്" (മാധ്യമം, 2025 ജൂൺ 12 വ്യാഴം/പേജ് 11).

അനാചാരങ്ങളുടെ മൊത്തക്കുത്തക സ്വന്തമാക്കിയ ഇക്കൂട്ടർ അഹ്ലുസ്സുന്നയുടെ അനുയായികളെ പ്രതിചേർത്ത് ജനപ്രീതി നേടുകയാണ്. സത്യത്തിൽ ഇവരല്ലേ 'വൈറസ് ബാധിച്ച ബിദഇകൾ?' സമൂഹത്തെ സംസ്ക്കരണത്തിന്റെ വഴിയിലേക്ക് നയിക്കാൻ ഒറ്റക്കെട്ടായി നിന്ന പണ്ഡിതന്മാരിൽനിന്ന് 'ശൈഥില്യം' പിടികൂടി കണ്ണിമുറിച്ചോടിയ മുസ്ലിയാക്കന്മാരുടെ പിന്മുറക്കാരല്ലേ ഇവർ. നിലയ്ക്കാത്ത നവോത്ഥാന പ്രവർത്തനങ്ങളെ ഇപ്പോഴും അടിച്ചമർത്താൻ ശ്രമിക്കുന്ന ഇവർ അതിന്റെ തണൽപറ്റി ജീവിക്കുന്നു എന്നതും വാസ്തവമാണ്. പുത്തനാചാരങ്ങൾക്ക് പുതുവസ്ത്രമണിയിക്കുന്ന പണി ഇതുവരെയും ഇവർ നിർത്തിയിട്ടില്ലെന്നതിന്റെ തെളിവുകൾ കൂടി വായിക്കാം:

"മനുഷ്യന്റെ ആത്മീയ ഉന്നതിക്ക് വേണ്ടി ഔലിയാക്കൾ ആവിഷ്കരിച്ച ആചാരങ്ങളിലൊന്നാണ് റാത്തീബ്. ഹള്റ/ ഹൽഖ, മജ്ലിസ് എന്നീ പേരുകളിലെല്ലാം ഇതറിയപ്പെടുന്നു. റാതീബ് എന്ന പദത്തിന്റെ ഭാഷാർത്ഥം പതിവുള്ളത് എന്നാണ്. സാങ്കേതികാർത്ഥത്തിൽ അല്ലാഹുവിനെ കുറിച്ചുള്ള അറിവ് കരസ്ഥമാക്കൽ, പാരാത്രിക വിജയം നേടൽ, തെറ്റു കുറ്റങ്ങളിൽ നിന്നും മോചനം നേടൽ, പ്രയാസങ്ങളിൽ നിന്ന് രക്ഷ നേടൽ, നന്മകൾ സ്വായത്തമാകൽ എന്നിവക്കായി ക്രോഡീകരിക്കപ്പെട്ട ദിക്റുകളുടെയും പ്രാർത്ഥനകളുടെയും സമാഹാരമാണ് റാത്തീബ്. കേരളത്തിൽ 15,16 നൂറ്റാണ്ടുകളിൽ സംഘടിത സൂഫീ ത്വരീഖത്തുകൾ സജീ

വമായപ്പോഴാണ് റാതീബ് പുര അഥവാ ഖാനസ്/ഹള്റ പ്രചാരം നേടിയത്. ഹദ്ദാദ് റാതീബ്, കുത്ത് റാതീബ്, മുഹിയുദ്ദീൻ റാതീബ്, ശാദുലി റാതീബ്, ജലാലിയ്യ റാതീബ് തുടങ്ങിയ ഒരുപാട് റാതീബുകൾ കേരളത്തിൽ പ്രചരിച്ചിട്ടുണ്ട്. റാതീബുകൾക്ക് പുറമേ ഔലിയാക്കളുടെ പേരിൽ രചിക്കപ്പെട്ട വിവിധ മാലകൾ, മൗലിദുകൾ, ഖുത്ബിയ്യത്ത്, ഖിസ്സപ്പാട്ടുകൾ തുടങ്ങിയ നിരവധി ആചാരങ്ങൾ കേരളത്തിന്റെ ആത്മീയ ഭൂപടത്തിലെ വലിയ സ്വാധീന ശക്തികളാണ്. മഹാന്മാരുടെ ആണ്ട് നേർച്ചകൾ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു" (അല്ലിവാഅ്'25/വലിയല്ലാഹി മുഹമ്മദ് മുസ്ലിയാർ 14-ാം ഉറൂസ് ഉപഹാരം/പേജ് 40).

"മൗലിദുകൾ, മാലപ്പാട്ടുകൾ, മൗലിദ് കിതാബുകളിൽ കാണുന്ന റാതീബുകൾ, വിർദുകൾ, ദുആകൾ എന്നിവയെ ഖുറാഫാത്ത്, കെട്ടുകഥകൾ, പഴഞ്ചൻ സമ്പ്രദായം എന്നൊക്കെ പറഞ്ഞ് തള്ളിക്കളയുന്ന ഉൽപതിഷ്ണുക്കളും ബിദഈ പ്രസ്ഥാനക്കാരും മുസ്ലിം സമുദായത്തിന്റെ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും കടക്കൽ കത്തി വെക്കുകയാണ് ചെയ്യുന്നതെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. ഈ രീതിയിൽ ഖുറാഫത്ത് ആരോപണം നടത്തി അവഗണിക്കപ്പെടേണ്ടവയല്ല മൗലിദ്" (അൽ മുനീർ/പേജ് 323).

വായനക്കാർ ഈ ഉദ്ധരണികൾ മനസ്സിരുത്തി വായിക്കുക; മതം പഠിപ്പിച്ചതിൽപെട്ട വല്ലതും ഇതിലുണ്ടോ? റസൂലിനോ സ്വഹാബത്തിനോ പരിചയമുള്ള, ക്വുർആനിലോ സുന്നത്തിലോ തെളിവുള്ള വല്ല വല്ലതും ഇവർ എണ്ണിപ്പറഞ്ഞ പോരിശയാക്കപ്പെട്ട കാര്യങ്ങളിലുണ്ടോ? ഇല്ല എന്നതല്ലേ വാസ്തവം? അപ്പോൾ 'പുത്തൻ വാദികൾ,' 'ബിദഇകൾ' എന്നൊക്കെ വിളിക്കപ്പെടാൻ അർഹർ ആരാണ്? ചിന്തിക്കുക.

പ്രസ്താവനകളിലൂടെ പ്രസിദ്ധരാകാൻ പ്രയത്നിച്ച ഇവർക്ക് പ്രമാണങ്ങളും പള്ളികളുമല്ല മാലകളും മക്ബറകളുമാണ് മുഖ്യം. ഇസ്ലാമിന്റെ തിളക്കമുള്ള തനതായ പൈതൃകത്തെക്കാൾ ഇവർക്കാവശ്യം ശിയാ-സൂഫീ കെട്ടുകഥകളാണ്.

സൃഷ്ടികളിൽ ലയിച്ചു ചേരുന്ന അല്ലാഹുവിലാണ് ഇവർ വിശ്വസിക്കുന്നതെങ്കിൽ അത് ഇസ്ലാമിക വിശ്വാസത്തിലെ അല്ലാഹുവല്ല. അങ്ങനെയൊരു ദൈവവിശ്വാസം ഇസ്ലാം പഠിപ്പിക്കുന്നില്ല. അല്ലാഹു പറയുന്നു:

"തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (18:28).

തൗഹീദിലേക്ക് മടങ്ങുക

തൗഹീദിൽനിന്നുള്ള വ്യതിചലനം വ്യക്തികളുടെയും സമുദായത്തിന്റെയും അധഃപതനത്തിനു കാരണമാകുമെന്നതിൽ സംശയമില്ല. 'നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ തന്നെയാണ് ഉന്നതൻമാർ' എന്നാണ് അല്ലാഹു പഠിപ്പിച്ചിട്ടുള്ളത്. പക്ഷേ, പൗരോഹിത്യത്തിന്റെ തെറ്റായ നിലപാടു കാരണം സമുദായം തൗഹീദിൽനിന്ന് അകലുന്നു. രോഗം വന്നാലും മറ്റു പ്രയാസങ്ങൾ ഉണ്ടായാലും മക്കളുണ്ടാകാത്ത അവസ്ഥയിലുമൊക്കെ അല്ലാഹുവിനോട് മാത്രം പ്രാർഥിച്ച്, അവനിൽ മാത്രം പ്രതീക്ഷയർപ്പിച്ച് കഴിയേണ്ടതിനു പകരം സൃഷ്ടികളോടു തേടുന്നു. അല്ലാഹുവല്ലാത്തവരോട് പ്രാർഥിച്ചും അവരുടെ പേരിൽ നേർച്ചവഴിപാടുകൾ നേർന്നും അവരിൽ ഭരമേൽപിച്ചും തൗഹീദിന് നേർവിപരീതമായ ശിർക്കിൽ ആപതിച്ചു പോകുന്നു. അല്ലാഹുവിന്റെ സഹായം ലഭിക്കുവാനും വിശ്വാസികളുടെ അഭിമാനം ഉയരുവാനും അവരുടെ മുമ്പിൽ ഏക പരിഹാരമാർഗമായിട്ടുള്ളത് തൗഹീദിലേക്ക് മടങ്ങുക എന്നുള്ളതാണ്. ഇഹലോകത്തുള്ള അപമാനത്തിനു പുറമെ പരലോകത്തുള്ള വലിയ ശിക്ഷക്കും മനുഷ്യൻ ചെയ്യുന്ന ശിർക്ക് കാരണമായി മാറും. ശിർക്ക് ചെയ്യുന്നവനെയാകട്ടെ കാത്തിരിക്കുന്നത് കത്തിയാളുന്ന നരകത്തീയാണ്.

അല്ലാഹു പറയുന്നു: "അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല" (ക്വുർആൻ 5:72).

അഹ്സന മലയിൽ

ഗസ്സ: ചെറുത്തുനിൽപ്പിന്റെയും അതിജീവനത്തിന്റെയും പ്രതീകം



ഗസ്സകേവലം ഒരു ഭൂപ്രദേശമല്ല; അത് പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും പ്രത്യാശയുടെ യും പ്രതീകമാണ്. ഇന്ന് ലോകത്തിന്റെ കണ്ണുകൾ ഗസ്സയിലേക്ക് തിരിഞ്ഞിരിക്കുന്നു. ഇസ്രായേലിന്റെ തുടർച്ചയായ ആക്രമണങ്ങളിലും ഉപരോധത്തിലും അവിടത്തെ ജനജീവിതം അതീവ ദുസ്സഹമായി തുടരുമ്പോൾ, മാനുഷിക സഹായം എത്തിക്കുന്നതിനായി ലോകമെമ്പാടുമുള്ള ജനങ്ങളും സംഘടനകളും ഒരുമിച്ച് ശബ്ദമുയർത്തുകയാണ്. റഫാ അതിർത്തി തുറക്കണമെന്നാവശ്യപ്പെട്ട് ലോകത്തിന്റെ നാനാഭാഗങ്ങളിലും, വിശിഷ്യാ യൂറോപ്യൻ രാജ്യങ്ങളിലും അരങ്ങേറുന്ന പ്രതിഷേധങ്ങൾ, ഈ വിഷയത്തിന്റെ പ്രാധാന്യം വിളിച്ചോതുന്നു. ഗസ്സയിലെ ജനതയുടെ നിലനിൽപ്പിനും അവകാശങ്ങൾക്കും വേണ്ടിയുള്ള ഈ ആഗോള ഐക്യദാർഢ്യം, മനുഷ്യ മനസ്സാക്ഷിയുടെ ഉണർവിനെയാണ് അടയാളപ്പെടുത്തുന്നത്.

ഗസ്സയുടെ നിലവിലെ അവസ്ഥ

അക്രമങ്ങളെയും അനീതികളെയും ചെറുക്കുന്നത് ഓരോ സത്യവിശ്വാസിയുടെയും കടമയാണ്. ഖുർആൻ പറയുന്നു: "നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നത് തന്നെയല്ല" (അൽബഖറ: 190).

ഈ വചനം നീതിക്കുവേണ്ടിയുള്ള പോരാട്ടത്തെ അംഗീകരിക്കുകയും എന്നാൽ അതിരുവിട്ട നടപടികളെ കർശനമായി വിലക്കുകയും ചെയ്യുന്നു. ഗസ്സയിലെ ജനങ്ങൾ വർഷങ്ങളായി അനുഭവിക്കുന്ന ഈ കൊടിയ ഉപരോധവും നിരന്തരമായ അക്രമങ്ങളും മനുഷ്യാവകാശ ലംഘനങ്ങളുടെ അങ്ങേയറ്റമാണ്. ഭക്ഷണം, മരുന്ന്, ശുദ്ധജലം തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കപ്പെടുന്നത് മനുഷ്യത്വരഹിതമായ നടപടിയായി ലോകം സാക്ഷ്യപ്പെടുത്തുന്നു

ഇസ്രായേൽ പ്രഖ്യാപിച്ച പരിമിതമായ ഇളവുകൾ പോലും ഗസ്സയിലെ ഭീകരമായ പട്ടിണി പ്രതിസന്ധിക്ക് ശാശ്വത പരിഹാരമാകില്ലെന്ന് യു.എൻ ഏജൻസികളും വിവിധ ആഗോള സന്നദ്ധ സംഘടനകളും തുടർച്ചയായി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ദിവസവും നിരപരാധികളായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ളവർ കൊ

ല്ലപ്പെടുന്ന വാർത്തകൾ ലോക മനസ്സാക്ഷിയെ വേദനിപ്പിക്കുകയും കൂടുതൽ നടപടികൾക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തെ കേവലം ഒരു പ്രാദേശിക സംഘർഷമായി കാണാതെ, ആഗോള മാനുഷിക പ്രതിസന്ധിയായി പരിഗണിച്ച് ഇടപെടേണ്ടത് അത്യാവശ്യമാണ്.

സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളേണ്ടത് ഓരോ മുസ്‌ലിമിന്റെയും ഉത്തരവാദിത്തമാണ്. ഫലസ്തീൻ ജനതയുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് മനുഷ്യരാശിയുടെ പൊതുവായ ബാധ്യതയാണ്. അന്യായമായി ഒരാളെപ്പോലും പട്ടിണിക്കിടുന്നതും കൊല്ലുന്നതും ഇസ്‌ലാം കർശനമായി വിലക്കുന്നു. മുഹമ്മദ് നബി(സ്വ) പറഞ്ഞു: 'വിശപ്പുള്ളവന് ഭക്ഷണം നൽകുക, രോഗിയെ സന്ദർശിക്കുക, ബന്ധിതനെ മോചിപ്പിക്കുക.' ഈ വചനം മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന്റെയും ദുരിതത്തിലായവരെ സഹായിക്കുന്നതിന്റെയും പ്രാധാന്യം ഊന്നിപ്പറയുന്നു. ഗസ്സയിലെ സഹോദരങ്ങൾക്ക് ഭക്ഷണം എത്തിക്കാൻ റഫാ അതിർത്തി തുറക്കണമെന്ന് ആവശ്യപ്പെട്ട് വിവിധ രാജ്യങ്ങളിൽ നടക്കുന്ന പ്രതിഷേധങ്ങൾ ഈ മാനുഷിക മൂല്യങ്ങളുടെ പ്രതിഫലനമാണ്. ഇത്തരം പ്രതിഷേധങ്ങൾ വിഷയത്തിന്റെ ഗൗരവം ലോകത്തിന് മുന്നിൽ എത്തിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.

മാനുഷിക സഹായത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പ്രാധാന്യം

ദുരിതത്തിലായവരെ സഹായിക്കുന്നത് ഇസ്‌ലാമിൽ വലിയ പുണ്യകർമമാണ്. സൗദി അറേബ്യ, യു.എ.ഇ, ഖത്തർ, കുവൈത്ത്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങൾ ഗസ്സയിലേക്ക് മാനുഷിക സഹായം എത്തിക്കാൻ മുന്നിട്ടിറങ്ങിയത് അഭിനന്ദനാർഹമാണ്. സൗദി അറേബ്യ നൽകുന്ന വലിയതോതിലുള്ള സഹായങ്ങൾ ഗസ്സയിലെ ജനങ്ങൾക്ക് വലിയ ആശ്വാസമാണ്. ഭക്ഷ്യവസ്തുക്കളും മരുന്നുകളും മറ്റ് അവശ്യവസ്തുക്കളുമടങ്ങിയ ഇത്തരം സഹായങ്ങൾ തടസ്സങ്ങളില്ലാതെയും സുരക്ഷിതമായും ഗസ്സയുടെ എല്ലാ ഭാഗങ്ങളിലും എത്തേണ്ടതുണ്ട്.

ചില പ്രദേശങ്ങളിൽ സൈനിക നടപടികൾ നിർത്തിവെക്കാനുള്ള ഇസ്രായേലിന്റെ തീരുമാനം ഒരു പരിധിവരെ സഹായകമാകുമെങ്കിലും, ഇതൊരു ശാശ്വത പരിഹാരമല്ല. ഗസ്സയിലെ ജനങ്ങളെ പട്ടിണിക്കിടുക എന്ന നയം ഇസ്രായേലിനില്ലെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറയുന്നതിനിടയിലും, ഭക്ഷണത്തിനായി വരിനിന്നവർ പോലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നത് ഗുരുതരമായ മനുഷ്യാവകാശ ലംഘനമാണ്. നൂറു കണക്കിന് കുഞ്ഞുങ്ങൾ പട്ടിണിയാലും പോഷകാഹാരക്കുറവിനാലും മരണപ്പെട്ടു കഴിഞ്ഞു. ഈ ഇരട്ടത്താപ്പ് ലോകത്തിന് മുന്നിൽ ഇസ്രായേലിന്റെ നിലപാടുകളെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കുന്നു.

അന്താരാഷ്ട്ര സമൂഹത്തിന്റെ ഉത്തരവാദിത്തം

ഫലസ്തീൻ പ്രശ്നം പരിഹരിക്കൾ അന്താരാഷ്ട്ര സമൂഹത്തിന്റെ മൊത്തത്തിലുള്ള ഉത്തരവാദിത്തമാണ്. യൂറോപ്യൻ യൂണിയന്റെ ഹോറൈസൺ ഗവേഷണ ഫണ്ട് ഇസ്രായേലിന് നൽകുന്ന ത് മരവിപ്പിക്കാനുള്ള നീക്കങ്ങൾ, ഗസ്സയിൽ കൂടുതൽ സഹായം എത്തിക്കാൻ ഇസ്രായേലിന് മേൽ സമ്മർദം ചെലുത്തുന്നതിന്റെ ഭാഗമാണ്. യു.എൻ രക്ഷാസമിതിയിൽ ഖത്തർ ഇസ്രായേലിന്റെ നിലപാടിനെ രൂക്ഷമായി വിമർശിച്ചത്, പട്ടിണിയെയും ഭക്ഷണത്തെയും യുദ്ധായുധമായി ഉപയോഗിക്കുന്നതിനെതിരെയുള്ള ശക്തമായ താക്കീതാണ്. ഈ വിഷയത്തിൽ അന്താരാഷ്ട്ര നിയമങ്ങളും മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കേണ്ടത് അത്യാവശ്യമാണ്.

ഗസ്സയിലെ പ്രതിസന്ധിക്ക് സ്ഥിരമായ പരിഹാരം കണ്ടെത്താൻ അന്താരാഷ്ട്ര സമൂഹം ഒറ്റക്കെട്ടായി നിലകൊള്ളണം. വെടിനിർത്തൽ ചർച്ചകൾ ഫലപ്രദമാകണം. ഫലസ്തീനികൾക്ക് അവരുടെ സ്വന്തം മണ്ണിൽ, സമാധാനപരമായി ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്തണം.

'വിശ്വാസികൾ ഒരു കെട്ടിടം പോലെയാണ്, അതിലെ ഒരു ഭാഗം മറ്റേ ഭാഗത്തെ ശക്തിപ്പെടുത്തുന്നു' എന്ന പ്രവാചക വചനം ഈ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. ലോകമെമ്പാടുമുള്ള വിശ്വാസികൾ ഗസ്സയിലെ സഹോദരങ്ങൾക്ക് വേണ്ടി പ്രാർഥിക്കുകയും അവർക്ക് നീതിയും സമാധാനവും ലഭ്യമാക്കാൻ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യുകയും വേണം.

അല്ലാഹുവിന്റെ സഹായം എപ്പോഴും ക്ഷമിക്കുന്നവരുടെയും നീതിക്ക് വേണ്ടി നിലകൊള്ളുന്നവരുടെയും കൂടെയായിരിക്കും. ഗസ്സയുടെ മണ്ണിന് സമാധാനവും ഫലസ്തീൻ ജനതയ്ക്ക് സ്വാതന്ത്ര്യവും ലഭിക്കുന്ന ഒരു നല്ല നാളേക്കായി പ്രത്യാശയോടെ കാത്തിരിക്കാം.



ഇ. യൂസുഫ് സാഹിബ് നദുവി
ഒച്ചിറ

ശൈഖ് റബീഉബിൻ ഹാദി അൽമദ്ഖലി യാത്രയായി

ലോകപ്രശസ്ത പണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമായ ഡോ.റബീഉബിൻ ഹാദി ബിൻ മുഹമ്മദ് ഉമൈർ അൽമദ്ഖലി കഴിഞ്ഞ ജൂലൈ 9ന് ബുധനാഴ്ച വൈകിട്ട് ഈ ലോകത്തോട് വിടപറഞ്ഞു. മരണപ്പെടുമ്പോൾ 92 വയസ്സ് പ്രായമുണ്ടായിരുന്ന ശൈഖവർകൾ ഏറെ നാളുകളായി മദീനയിൽ വിശ്രമജീവിതത്തിലായിരുന്നു.

പ്രവാചകചര്യയുടെ കലർപ്പില്ലാത്ത പ്രചാരകനും സുന്നത്തു നിഷേധികളുടെ പേടിസ്വപ്നവുമായിരുന്ന ശൈഖവർകളുടെ വിട്ടുവീഴ്ചയില്ലാത്തതും അണുവിട വ്യതിചലിക്കാത്തതുമായ നിലപാടുകളാണ്

പരാജയത്തിന്റെ കൈപ്പുനീർ രുചിച്ച് പിന്മാറിയവർ ശൈഖിന്റെ മരണത്തെ ഒരു വലിയ ആഘോഷമാക്കി മാറ്റുന്നതാണ് പിന്നീട് നാം കണ്ടത്. ഇസ്‌ലാമിന്റെ സമഗ്ര മാനവികതയും സാഹോദര്യവും മരണപ്പെട്ടവരോടുള്ള ആദര-ബഹുമാനങ്ങളും പുറപ്പുറത്തുകയറി ഉച്ചത്തിൽ അട്ടഹസിക്കുന്ന ചില പകൽമാന്യന്മാർ പോലും ശൈഖിന്റെ മരണത്തിൽ സന്തോഷിച്ച് ഫേസ്ബുക്കിൽ തുള്ളിച്ചാടുന്നതിന് മലയാളക്കര സാക്ഷ്യംവഹിച്ചു. കലർപ്പില്ലാത്ത നബിചര്യയും സലഫുകളുടെ രീതിശാസ്ത്രവും മുഖ്യ പ്രചാരണമായി സ്വീകരിച്ച എല്ലാവർക്കും അനുഭവിക്കുകയും നേരിടേണ്ടിയുംവന്ന പരീക്ഷണങ്ങളാണ് ശെയ്ഖ് അവർകൾക്കും അഭിമുഖീകരിക്കേണ്ടിവന്നത്.

ഇതര പണ്ഡിതന്മാരിൽനിന്നും അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. ഇതിന്റെ പേരിൽ മിത്രങ്ങളെപ്പോലെതന്നെ നിരവധി ശത്രുക്കളും അദ്ദേഹത്തിനുണ്ടായിരുന്നു. രാഷ്ട്രീയ ഇസ്‌ലാമിന്റെ വക്താക്കളായ ബ്രദർഹുഡ്, ശിയാക്കൾ, ബറേലവി-സൂഫികൾ ഇവരെല്ലാം അദ്ദേഹത്തിനു മുന്നിൽ പിടിച്ചുനിൽക്കാനാവാതെ പരാജയപ്പെട്ട് പിന്മാറിയവരാണ്.

പരാജയത്തിന്റെ കൈപ്പുനീർ രുചിച്ച് പിന്മാറിയവർ ശൈഖിന്റെ മരണത്തെ ഒരു വലിയ ആഘോഷമാക്കി മാറ്റുന്നതാണ് പിന്നീട് നാം കണ്ടത്. ഇസ്‌ലാമിന്റെ സമഗ്ര മാനവികതയും സാഹോദര്യവും മരണപ്പെട്ടവരോടുള്ള ആദര-ബഹുമാനങ്ങളും പുറപ്പുറത്തുകയറി ഉച്ചത്തിൽ അട്ടഹസിക്കുന്ന ചില പകൽമാന്യന്മാർ പോലും ശൈഖിന്റെ മരണത്തിൽ സന്തോഷിച്ച് ഫേസ്ബുക്കിൽ തുള്ളിച്ചാടുന്നതിന് മലയാളക്കര സാക്ഷ്യംവഹിച്ചു. കലർപ്പില്ലാത്ത നബിചര്യയും സലഫുകളുടെ രീതിശാസ്ത്രവും മുഖ്യ പ്രചാരണമായി സ്വീകരിച്ച എല്ലാവർക്കും അനുഭവിക്കുകയും നേരിടേണ്ടിയുംവന്ന പരീക്ഷണങ്ങളാണ് ശെയ്ഖ് അവർകൾക്കും അഭിമുഖീകരിക്കേണ്ടിവന്നത്. ഇതിൽ പുതുമയില്ലായെന്നതാണ് സത്യം.

തൊട്ടടുത്ത ദിനം വ്യാഴാഴ്ച പ്രഭാത നമസ്കാരത്തിന് ശേഷം ആയിരങ്ങളുടെ ഭക്തിനിർഭരമായ പ്രാർഥനകളോടെ മദീനയിലെ അൽബഖീഉൽ ഗർഖദ് കബ്ർസ്ഥാനിൽ അദ്ദേഹത്തിന് അന്ത്യവിശ്രമമൊരുങ്ങി. മഹാനവർകൾ എതൊരാദർശത്തിനുവേണ്ടിയാണോ തന്റെ ജീവിതത്തെ വിനിയോഗിച്ചത്, അതേ ആദർശവും വിശ്വാസവും ആത്മാർഥമായി കാത്തുസൂക്ഷിച്ച ഉത്തമരിൽ അത്യുത്തമരായ പൂർവസൂരികളുടെ ചാരത്തുതന്നെ അദ്ദേഹത്തിനും അന്ത്യവിശ്രമമൊരുക്കപ്പെട്ടു.

ശെയ്ഖ് അവർകളുടെ വിയോഗം മുസ്‌ലിം സമൂഹത്തിന് ആകമാനം ഒരു തീരാനഷ്ടം തന്നെയെന്നതിൽ അഹ്‌ലുസ്സുന്നയുടെ ബന്ധുക്കൾക്ക് സംശയമില്ല. ആദർശബന്ധിതമായി ജീവിതം നയിക്കുകയും തിരുസുന്നത്തിനെതിരിലിലുള്ള ദുഷ്പ്രചാരണങ്ങളെ പ്രതിരോധിക്കുകയും സത്യസന്ധമായി ഇസ്‌ലാമിക പ്രചാരണം നിർവഹിക്കുകയും ചെയ്യുന്ന പണ്ഡിതശിരോമണികളുടെ വിയോഗം ലോകത്തിനുതന്നെ തീരാനഷ്ടമാണെന്നാണ് പ്രവാചകൻ(സ്വ)യുടെ മഹത് വചനങ്ങൾ സൂചിപ്പിക്കുന്നത്.

പ്രായഭേദമന്യെ ആയിരക്കണക്കിന് വിജ്ഞാനദാഹികളുടെയും ലോകത്തിന്റെ വിവിധകോണുകളിലുള്ള പണ്ഡിതരുടെയും ഒരു മുഖ്യ റഫറൻസായിരുന്നു ശെയ്ഖ് അവർകൾ. ദീനീവിജ്ഞാനം സമ്പാദിക്കുന്നതിനും വിശ്വാസത്തെ സംസ്കരിക്കുന്നതിനും കലർപ്പില്ലാത്തതും തനതായതുമായ നബവീ ചര്യകളുടെ പ്രചാരകനുമായി ജീവിതം നയിക്കുന്നതിനൊപ്പം, ഇസ്‌ലാമിന്റെ പരോക്ഷ ശത്രുക്കളായ സുന്നത്ത് നിഷേധികളോടും ഭരണകൂടങ്ങളെ അട്ടിമറിക്കാൻ രാഷ്ട്രീയ ലക്ഷ്യത്തിൽ ഇസ്‌ലാമിന്റെ മുഖംമൂടിയണിഞ്ഞു പ്രവർത്തിക്കുന്നവരോടും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച പ്രമുഖ പണ്ഡിതനെന്ന നിലയിലുമാണ് അദ്ദേഹം ശ്രദ്ധേയനായത്.

മുഹമ്മദ് നബി(സ്വ)യുടെ മഹനീയ ചര്യകളെ പൂർവസൂരികളായ സലഫുസ്സ്വാലിഹുകൾ മനസ്സിലാക്കിയ നിലയിൽതന്നെ മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും അതേപടിതന്നെ അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യണമെന്ന അദ്ദേഹത്തിന്റെ കർക്കശനിലപാട് ദുർവ്യാഖ്യാനക്കാർക്കും സൂഫികൾക്കും രാഷ്ട്രീയ അട്ടിമറി ഇസ്‌ലാം വക്താക്കൾക്കും അംഗീകരിക്കാൻ സാധ്യമായില്ല. പക്ഷേ, അതിന്റെ പേരിൽ അദ്ദേഹം അൽപം പോലും പി

ന്നോട്ടുമാറാനോ തന്റെ നിലാപടുകളെ അൽപം മയപ്പെടുത്താനോ തയ്യാറായില്ല.

ലോകപ്രശസ്തരും പ്രമുഖന്മാരുമായ പല പണ്ഡിത വേഷധാരികൾക്കും അദ്ദേഹത്തിന്റെ അതിരൂക്ഷമായ നിരൂപണത്തിന്റെ കൈപ്പുനീർ കുടിച്ചിറക്കേണ്ടിവന്നിട്ടുണ്ട്. ഏറെ ഭദ്രമെന്ന് കരുതുകയും നിരവധി നെറ്റുവർക്കുകളിലൂടെ ലോകമാസകലം വലവിരിച്ച് ഇരയെ കാത്തിരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ ഇസ്ലാമിന്റെ വക്താക്കൾക്കായിരുന്നു ശെയ്ഖ് അവർകളുടെ സാന്നിധ്യം ഏറെ അസ്വസ്ഥതകൾ സൃഷ്ടിച്ചത്. ശൈഖിന്റെ മരണത്തിൽ സന്തോഷം പ്രകടിപ്പിച്ച ശിയാ-സൂഫി-ബറേലവികളെക്കാളും ഒരുപടി മുന്നിട്ടുനിന്നത് ആഹ്ലാദ പ്രകടനത്തിൽ രാഷ്ട്രീയ ഇസ്ലാമിന്റെ വക്താക്കളായിരുന്നു. ശെയ്ഖിന്റെ സാന്നിധ്യവും അദ്ദേഹത്തിന്റെ കലപ്പില്ലാത്ത നിലപാടുകളും പ്രചാരണവും ഇവർക്ക് എത്രമാത്രം അസ്വസ്ഥതകൾ പകർന്നുവെന്നതിന്റെ മുഖ്യതെളിവുകൂടിയാണ് ഈ കോലാഹലങ്ങൾ. പ്രമുഖ കമ്യൂണിസ്റ്റുകളുടെയും മതനിരാസക്കാരുടെയും വിയോഗത്തിൽ സോഷ്യൽ മീഡിയയിൽ ആത്മാർഥമായി ഖേദവും ദുഃഖവും പ്രകടിപ്പിക്കുന്ന ഇവരുടെ തൂലികകൾക്ക് ശെയ്ഖിന്റെ വിയോഗം പകരുന്ന സന്തോഷവും ആഹ്ലാദവും എത്രമാത്രമുണ്ടെന്ന് പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ!.


സംഘടനകളെയും വ്യക്തികളെയും പ്രസ്ഥാനങ്ങളെയും നിരൂപണം ചെയ്യുന്ന നിരവധി വൈജ്ഞാനിക രചനകൾ അദ്ദേഹം ഈ സമൂഹത്തിനായി സമർപ്പിച്ചു. അതിസൂക്ഷ്മവും ഭദ്രവുമായ

> ഇന്ത്യൻ സമൂഹത്തിലെ അറിവുകേടുകളുടെ നിജസ്ഥിതി മനസ്സിലാക്കാതെ എല്ലാം ശരിയെന്ന നിലപാടിൽ മൗനം ഭജിച്ച് കഴിഞ്ഞുവന്നിരുന്ന വിദ്യാർഥികൾക്കും ആധ്യാപകർക്കും പ്രമുഖന്മാരായ സലഫി നേതാക്കൾക്കും പ്രവർത്തകർക്കും ശെയ്ഖ് അവർകളുടെ അക്കാലയളവിലെ സാന്നിധ്യം ഏറെ ആർജവവും നവോന്മേഷവും പകർന്നുവെന്നതിൽ സംശയമില്ല. സലഫീ രീതിശാസ്ത്രവുമായി ബന്ധമില്ലാതെ കേവലം നാമമാത്രമായ 'സലഫിയ്യത്തിൽ' അഭിരമിച്ചിരുന്ന ഒരു സമൂഹത്തെ സലഫുസ്സ്വാലിഹുകളുടെ യഥാർഥ മാർഗത്തിലേക്കും ചിന്തകളിലേക്കും വൈജ്ഞാനിക സരണിയിലേക്കും വഴിനടത്തിയതിൽ അദ്ദേഹത്തിന്റെ മഹനീയ സാന്നിധ്യവും ജാമിഅ സലഫിയ്യയിലെ സേവനവും അനിഷേധ്യമാണ്.

ഈ രചനകൾ ലോകത്തിന്റെ വിവിധകോണുകളിലുള്ള വിജ്ഞാനദാഹികൾക്കും നബിചര്യയുടെ പ്രചാരകർക്കും ഒരു മുഖ്യ റഫറൻസായി അവശേഷിക്കുന്നു. ഒട്ടനവധി ഭാഷകളിലേക്ക് ഈ രചനകൾ മൊഴിമാറ്റപ്പെടുകയും ചെയ്തു. മുസ്‌ലിം ബ്രദർഹുഡ് നേതാവും കുർആൻ വ്യാഖ്യാതാവുമായ ഈജിപ്തിലെ സയ്യിദ് കുതുബിന്റെ രചനകളെയും നിലപാടുകളെയും നിരൂപണം ചെയ്യുന്ന 'അൽഅവാസിം മിമ്മാഫീ കുതുബി സയ്യിദ് ഖുതുബ് മിനൽഖവാസിം,' 'അത്തൻകീൽ ബിമാഫീ തൗളീഹിൽ മലബാരി മിനൽഅബാത്വീൽ' തുടങ്ങിയവ ഇതിൽ ഏറ്റവും ശ്രദ്ധേയമായവയാണ്.

ബനാറസ് ജാമിഅ സലഫിയ്യയും ശെയ്ഖ് റബീഉം

ഇന്ത്യയിലെ ഇസ്‌ലാമിക സംരംഭങ്ങളുമായി ഏറെ അടുത്ത് ബന്ധപ്പെടുകയും സഹകരിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു ശെയ്ഖ് റബീഅ്; പ്രത്യേകിച്ചും ഉത്തർപ്രദേശിലെ ബനാറസ് ജാമിഅ സലഫിയ്യയും അതിന്റെ സ്ഥാപക നേതാക്കളായ പ്രമുഖ സലഫി പണ്ഡിതനേതാക്കളുമായി ഏറെ സുദൃഢമായ ബന്ധമായിരുന്നു അദ്ദേഹത്തിന്. ബനാറസിലെ ജാമിഅ സലഫിയ്യയെ എല്ലാ അർഥത്തിലും അദ്ദേഹം പിന്തുണക്കുകയും അവർക്കാവശ്യമായ എല്ലാ ഉപദേശനിർദേശങ്ങളും നൽകുകയും ചെയ്തു. അതിനൊപ്പം സ്ഥാപനത്തിന്റെ സിലബസിൽ ആവശ്യമായ പരിഷ്ക്കരണങ്ങൾ നടത്തി യഥാർഥ സലഫീ രീതിശാസ്ത്രത്തിന്റെ മാർഗത്തിലേക്ക് പ്രസ്തുത കലാലയത്തെയും അവിടുത്തെ നേതാക്കളെയും പഠിതാക്കളെയും വഴിനടത്തിയതിൽ അദ്ദേഹത്തിനുള്ള സ്ഥാനം വാക്കുകൾക്കും




വരികൾക്കും അതീതമാണ്.

അല്ലാമാ അശ്ശൈഖ് ഇബ്നുബാസ്(റഹ്) അവർകൾ മദീന യിലെ ഇസ്‌ലാമിക സർവകലാശാലയുടെ തലവനായിരിക്കെ ശൈഖ് റബീഅ് അവർകൾ ബനാറസിലെ ജാമിഅ സലഫി യ്യയിൽ അധ്യാപകനായി നിയോഗിക്കപ്പെട്ടു. സൗദി അറേബ്യ യുടെ ഭരണാധികാരിയായിരുന്ന ഫൈസൽ രാജാവിന്റെ പ്ര ത്യേക നിർദേശമായിരുന്നു ഈ നടപടിക്ക് പിന്നിൽ. 1968ജൂലൈ 27മുതൽ 1970 സെപ്തംബർ 19 വരെയുള്ള രണ്ടുവർഷക്കാലം ശൈഖ് റബീഅ് ഈ സ്ഥാപനത്തിൽ അധ്യാപകനായി സേ വനമനുഷ്ഠിച്ചു. ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബി (റഹ്)ന്റെ കിതാബുത്തൗഹീദ്, സ്വഹീഹ് മുസ്‌ലിം, ഇമാം ജർജാനി യുടെ ദലാഇലുൽ ഇഅ്ജാസ് തുടങ്ങിയ പ്രമുഖ ഗ്രന്ഥങ്ങൾ അദ്ദേ ഹം വിദ്യാർഥികൾക്ക് ക്ലാസ്സെടുത്തു. അതിനൊപ്പം വൈകുന്നേര ങ്ങളിൽ ശറഹ് അകീദത്തുൽ വാസിതിയ്യയും പ്രത്യേകം പഠിപ്പിച്ചു.

ഇന്ത്യൻ സമൂഹത്തിലെ അറിവുകേടുകളുടെ നിജസ്ഥിതി മനസ്സി ലാക്കാതെ എല്ലാം ശരിയെന്ന നിലപാടിൽ മൗനം ഭജിച്ച് കഴിഞ്ഞു വന്നിരുന്ന വിദ്യാർഥികൾക്കും ആധ്യാപകർക്കും പ്രമുഖന്മാരായ സലഫി നേതാക്കൾക്കും പ്രവർത്തകർക്കും ശൈഖ് അവർകളുടെ അക്കാലയളവിലെ സാന്നിധ്യം ഏറെ ആർജവവും നവോന്മേഷവും പകർന്നുവെന്നതിൽ സംശയമില്ല. സലഫീ രീതിശാസ്ത്രവുമായി ബന്ധമില്ലാതെ കേവലം നാമമാത്രമായ 'സലഫിയ്യത്തിൽ' അഭിര മിച്ചിരുന്ന ഒരു സമൂഹത്തെ സലഫുസ്സ്വാലിഹുകളുടെ യഥാർഥ മാർഗത്തിലേക്കും ചിന്തകളിലേക്കും വൈജ്ഞാനിക സരണിയി ലേക്കും വഴിനടത്തിയതിൽ അദ്ദേഹത്തിന്റെ മഹനീയ സാന്നി ധ്യവും ജാമിഅ സലഫിയ്യയിലെ സേവനവും അനിഷേധ്യമാണ്.

ബനാറസ് ജാമിഅ സലഫിയ്യയിലെ പ്രമുഖന്മാരായ അധ്യാ പകനിരയെ സലഫി രീതിശാസ്ത്രത്തിനനുസരിച്ച് പരിവർത്തി പ്പിക്കാൻ ആവശ്യമായ മുഖ്യപരിശീലനം ലഭ്യമായത് ശൈഖ് റബീഇന്റെ ഈ സാന്നിധ്യത്തോടെയാണ്. ഇന്ന് ജീവിച്ചിരിക്കു



ന്ന പണ്ഡിത പ്രമുഖനും ജാമിഅ സലഫിയ്യയുടെ മുഖ്യ കാര്യദർ ശിയുമായ ശൈഖ് മുഹമ്മദ് മു സ്തഫീം സലഫി, ശൈഖ് റബീ ഇന്റെ ഇന്ത്യൻ ശിഷ്യന്മാരിൽ പ്രമുഖനാണ്. 1968ൽ ഫൈസൽ രാജാവിന്റെ നിർദേശമനുസരിച്ച് ജാമിഅ സലഫിയ്യയിൽ അധ്യാ പകനായി നിയോഗിക്കപ്പെട്ട് ബനാറസിൽ എത്തിയ ശൈഖ് അവർകൾ ആദ്യം അന്വേഷിച്ച ത് അകീദ(വിശ്വാസം)യുമായി ബന്ധപ്പെട്ട വിഷയത്തിൽ ഈ സ്ഥാപനത്തിൽ സിലബസിലു ള്ള ഗ്രന്ഥത്തെ സംബന്ധിച്ചാണ്. സഅദുദ്ദീൻ തഫ്താസാനിയുടെ 'ശറഹു അകാഇദുന്നസഫിയ്യ' എന്ന രചനയായിരുന്നു അകീ ദയുടെ സംരക്ഷണത്തിനായി അക്കാലംവരെയും വിദ്യാർഥി കൾക്കായി സിലബസിൽ ഉൾ പ്പെടുത്ത പ്പെട്ടിരുന്നത്. 'മാ ത്തുരീദിയൻ' സരണിയിലൂടെ അല്ലാഹുവിന്റെ അസ്മാഉസ്വിഫാ ത്തുകളെ വ്യാഖ്യാനിച്ച് ഒപ്പിക്കു ന്ന ശൈലിയിലുള്ള രചനകൾ ഉപയോഗിച്ച് അകീദയെ സംര ക്ഷിക്കാൻ പഠിപ്പിക്കുന്ന ഇന്ത്യൻ സലഫികളുടെ ശൈലി അദ്ദേഹ ത്തെ അത്ഭുതപ്പെടുത്തി.[1]

പിന്നീട് അദ്ദേഹത്തിനുമു ന്നിൽ ഹാജരാക്കപ്പെട്ടത് 'അൽ മസാമിറ; ശറഹുൽ മസായിറ' എന്ന പേരിലുള്ള ഇബ്നു അബീ ശരീഫ് അൽമഖ്ദിസിയുടെ മറ്റൊരു രചനയായിരുന്നു.[2] വിശ്വാസത്തിന്റെ സംരക്ഷണ ത്തി നെന്നപേരിൽ അറിവി ല്ലായ്മകൊണ്ട്, പ്രമുഖ സലഫീ സ്ഥാപനത്തിൽ പഠിപ്പിക്കപ്പെ ടുന്ന ഇത്തരം പാഠ്യപദ്ധതിയിൽ അദ്ദേഹത്തിന് ഏറെ അമർഷ വും ഖേദവുമുണ്ടായി. തുടർന്ന് ജാമിഅ സലഫിയ്യയുടെ സിലബ സ് പരിഷ്ക്കരിക്കുക എന്ന ദൗ ത്യത്തിൽ അദ്ദേഹം ഏർപ്പെട്ടു. ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹ്ഹാബി(റഹ്)ന്റെ കിതാ ബുത്തൗഹീദ്, ശൈഖ് മുഹ മ്മദ് ഖലീൽ ഹറാസി(റഹ്)ന്റെ ശറഹ് അകീദത്തുൽ വാസിത്വി യ്യ, ശാഹ് ഇസ്മാഈൽ അദ്ദഹ്ല വി(റഹ്)യുടെ തക്വിയ്യതുൽ ഈമാൻ തുടങ്ങിയ ആധികാ രിക രചനകൾ സ്ഥാപനത്തിന്റെ സിലബസിൽ സ്ഥാനംപിടിച്ചു. ഷാഹ് ഇസ്മാഈൽ അദ്ദഹ്ല വി(റഹ്)യുടെ തക്വിയ്യതുൽ ഈമാനിനെക്കുറിച്ച് എപ്പോഴും പ്രകീർത്തിച്ച് സംസാരിക്കുന്നത്

ശെയ്ഖ് റബീഇന്റെ പതിവായിരുന്നു. കിതാബുത്തൗഹീദിനെക്കാളും മികച്ച രചനയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

ബനാറസിലെ തന്റെ ജീവിതത്തിനിടയിൽ ഇസ്‌ലാമിക വിശ്വാസം, ഹദീസ് വിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ഊന്നൽ നൽകിക്കൊണ്ട് അദ്ദേഹം കൂടുതൽ ക്ലാസുകൾ സംഘടിപ്പിച്ചു, പ്രത്യേകിച്ചും ഓരോ നമസ്കാരത്തിനും ശേഷവും ജുമുഅ ഖുതുബയിലൂടെയും. ബനാറസിലെ മദൻപുര എന്ന പ്രദേശത്ത് കുടുംബസമേതമായിരുന്നു ശെയ്ഖിന്റെ താമസം. വിജ്ഞാനം പഠിക്കാനായി തന്നെതേടിയെ ത്തുന്ന വിദ്യാർഥികളെയും വിജ്ഞാനദാഹികളെയുംകൊണ്ട് അദ്ദേഹത്തിന്റെ ഭവനം എപ്പോഴും നിറഞ്ഞുകവിഞ്ഞു. തന്റെ ശിഷ്യന്മാരോട് ഏറെ കാരുണ്യത്തിലും കരുണയിലും വർത്തിച്ചിരുന്ന ശെയ്ഖ് അവർകൾ അവർക്കുവേണ്ടി പലപ്പോഴും സ്പെഷ്യൽ വിരുന്നുസൽക്കാരങ്ങൾ ഒരുക്കാനും തയ്യാറായി. തന്റെ ഭവനത്തിൽ എത്തുന്നവരെയെല്ലാം ഹാർദമായി സ്വാഗതംചെയ്ത ശെയ്ഖ് അവർകൾ അവർക്കുവേണ്ടി വീട്ടിലും പ്രത്യേകം ക്ലാസുകൾ സംഘടിപ്പിച്ചു. സലഫുകളുടെ രീതിശാസ്ത്രത്തെ കലർപ്പില്ലാത്ത നിലയിൽ, അതിന്റെ തനതായ ശൈലിയിലും പ്രാധാന്യത്തിലും ഇന്ത്യൻ സമൂഹത്തിന് പകർന്നുനൽകുന്നതിൽ ശെയ്ഖ് റബീഅ് ബിൻ ഹാദി അൽമദ്ഖലി വഹിച്ച പങ്കാളിത്തം ഏറെ വലുതാണ്.

(തുടരും)

---

1. ഹിജ്റ 537ൽ മരണപ്പെട്ട നജ്മുദ്ദീൻ ഉമർ അൽനസഫി എന്ന വ്യക്തി രചിച്ചതും സഅദുദ്ദീൻ അൽതഫ്താസാനി (മരണം:ഹി.793) വ്യാഖ്യാനമെഴുതിയതുമായ 'അൽഅഖാഇദുന്നസഫിയ്യ' എന്ന ഗ്രന്ഥം യുക്തിയെയും തത്ത്വചിന്തയെയും അടിസ്ഥാനമാക്കി ഇസ്‌ലാമിക വിശ്വാസശാസ്ത്രം പഠിപ്പിക്കുവാൻ ഉപയോഗിക്കുന്നു. ഇസ്‌ലാമിക വിജ്ഞാന ശാഖയിലെ ആധികാരിക ഗ്രന്ഥമായി ഇതിനെ പലരും മനസ്സിലാക്കിവരുന്നുണ്ട്. എന്നാൽ വ്യക്തമായി, പൊതുവായി പറഞ്ഞാൽ, 'അഖാഇദുന്നസഫിയ്യ'യും അതിന്റെ തഫ്താസാനിയുടെ വ്യാഖ്യാനവും സലഫുസ്സാലിഹുകളുടെ മൻഹജിനെ പൂർണമായി പ്രതിനിധീകരിക്കുന്ന ഗ്രന്ഥമായി കണക്കാക്കപ്പെടുന്നില്ല. കാരണം സലഫി മൻഹജ് പ്രധാനമായും അടിസ്ഥാനമാക്കുന്നത് കുർആനിനെയും സുന്നത്തിനെയുമാണ്. കുർആനും സുന്നത്തും ആധാരമാക്കിയുള്ള തെളിവുകളാണ് സലഫികളുടെ രീതിശാസ്ത്രത്തിൽ ആധികാരികത. വിശ്വാസകാര്യങ്ങൾ സ്ഥാപിക്കുന്നതിൽ കുർആനിന്റെയും നബിചര്യയുടെയും വാചകങ്ങളെ പൂർണമായി ആശ്രയിക്കുക, അവയെക്കാൾ ബുദ്ധിയോ തത്ത്വചിന്താപരമായ വ്യാഖ്യാനങ്ങളോ മുന്നോട്ട് വയ്ക്കാതിരിക്കുക എന്നതും അടിസ്ഥാന തത്ത്വമാണ്. മതപരമായ പ്രമാണങ്ങളിൽ വന്ന കാര്യങ്ങളെ അതേപടി വിശ്വസിക്കുക, അവ 'എങ്ങനെ' എന്നതിനെക്കുറിച്ചോ 'രൂപീകരണത്തെ'ക്കുറിച്ചോ ആഴത്തിൽ ചിന്തിക്കാതിരിക്കുക എന്നതും ഇതിന്റെ ഭാഗമാണ്. ഗ്രീക്ക് തത്ത്വചിന്തയും യുക്തിയും ഉപയോഗിച്ച് രൂപപ്പെടുത്തപ്പെട്ട 'ഇൽമുൽകലാം' വിശ്വാസപരമായ വിഷയങ്ങളിൽ ഇടപെടുന്നതിനെക്കുറിച്ച് നാം ജാഗ്രത പാലിക്കുക. കാരണം അത് സംശയങ്ങളിലേക്കും വഴികേടുകളിലേക്കും നയിച്ചേക്കാം. 'അഖാഇദുന്നസഫിയ്യ'യും അതിന്റെ വ്യാഖ്യാനവും മാതുരീദിയ്യ ചിന്താധാരയെയാണ് പിന്തുടരുന്നത്. ഇത് മതപ്രമാണങ്ങളെയും ബുദ്ധിയെയും സമന്വയിപ്പിക്കാൻ ശ്രമിക്കുന്ന ഒരു പ്രത്യേക മദ്ഹബാണ്. ഇത് സലഫി മൻഹജിൽനിന്ന് പലതുകൊണ്ടും പലകാര്യങ്ങളിലും വ്യത്യാസപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ച് അല്ലാഹുവിന്റെ ഗുണങ്ങളെയും കദറിന്റെ വിഷയങ്ങളെയും സമീപിക്കുന്ന രീതിയിൽ നിരവധി ഇസ് ലാമിക സ്ഥാപനങ്ങളിൽ ഇത് പഠിപ്പിക്കുന്നുണ്ടെങ്കിലും, വിശ്വാസകാര്യങ്ങൾ സ്ഥാപിക്കുന്നതിൽ ഇതിനെ പൂർണമായി ആശ്രയിക്കുന്നത് സ്വഹാബികളും താബിഉകളും പിന്തുടർന്ന ശരിയായ മൻഹജിൽനിന്ന് വ്യതിചലിക്കാൻ ഇടയാക്കുമെന്ന് സലഫി പണ്ഡിതന്മാർ കരുതുന്നു.

2. ഇബ്നു അബീശരീഫ് അൽമഖ്ദിസി (മരണം ഹി: 815) ഒരു അശ്അരി പണ്ഡിതനായിരുന്നു. അശ്അരി മദ്ഹബ്, അല്ലാഹുവിന്റെ ചില വിശേഷണങ്ങളെ, (ഉദാ: കൈ, കാൽ, മുഖം പോലുള്ളവ) അവയുടെ പ്രത്യക്ഷാർഥത്തിൽ എടുക്കാതെ വ്യാഖ്യാനിക്കാൻ തുനിയുന്നു. അല്ലാഹുവിനെ സൃഷ്ടികളോട് സാമ്യപ്പെടുത്തുന്നത് ഒഴിവാക്കാനാണ് ഇത് ചെയ്യുന്നതെന്ന് അവർ വാദിക്കുന്നു. എന്നാൽ സലഫി മൻഹജ് ഈ വിശേഷണങ്ങളെ അല്ലാഹുവിന്റെ മഹത്ത്വത്തിന് യോജിച്ച രൂപത്തിൽ, എങ്ങനെയാണെന്ന് രൂപീകരിക്കുകയോ സാമ്യപ്പെടുത്തുകയോ നിഷേധിക്കുകയോ വളച്ചൊടിക്കുകയോ ചെയ്യാതെ സ്ഥിരീകരിക്കുന്നു. മേൽ പരാമർശിക്കപ്പെട്ട ഗ്രന്ഥം അശ്അരീ ചിന്താധാരയെ പ്രതിനിധീകരിക്കുന്ന ഒന്നാണ്. അതിനാൽ, ഇത് സലഫി മൻഹജിനെ അടിസ്ഥാനമാക്കിയുള്ള ഗ്രന്ഥമല്ല. സലഫി പണ്ഡിതന്മാർ സാധാരണയായി ഈ ഗ്രന്ഥങ്ങളെ വിശ്വാസകാര്യങ്ങളിൽ ഒരു റഫറീസായി ഉപയോഗിക്കാറില്ല, മറിച്ച് അവരുടെ പഠനങ്ങളിൽ അകീദയുടെ വിഷയങ്ങളിൽ സലഫി മൻഹജിനെ പിന്തുടരുന്ന ഗ്രന്ഥങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

സൂറതു അൻകബൂത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 29

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

الم ﴿١﴾

أَحَسِبَ النَّاسُ أَن يُتْرَكُوا أَن يَقُولُوا آمَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾

وَلَقَدْ فَتَنَّا الَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ اللَّهُ الَّذِينَ صَدَقُوا وَلَيَعْلَمَنَّ الْكَاذِبِينَ ﴿٣﴾

أَمْ حَسِبَ الَّذِينَ يَعْمَلُونَ السَّيِّئَاتِ أَن يَسْبِقُونَا ۚ سَاءَ مَا يَحْكُمُونَ ﴿٤﴾

مَن كَانَ يَرْجُو لِقَاءَ اللَّهِ فَإِنَّ أَجَلَ اللَّهِ لَآتٍ ۚ وَهُوَ السَّمِيعُ الْعَلِيمُ ﴿٥﴾

وَمَن جَاهَدَ فَإِنَّمَا يُجَاهِدُ لِنَفْسِهِ ۚ إِنَّ اللَّهَ لَغَنِيٌّ عَنِ الْعَالَمِينَ ﴿٦﴾

وَالَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَنُكَفِّرَنَّ عَنْهُمْ سَيِّئَاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ الَّذِي كَانُوا يَعْمَلُونَ ﴿٧﴾

1. അലിഫ്-ലാം-മീം.

2. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്നതു കൊണ്ട് മാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിട്ടേക്കപ്പെടുമെന്ന് മനുഷ്യർ വിചാരിച്ചിരിക്കയാണോ?

3. അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുകതന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും.

4. അതല്ല, തിന്മ ചെയ്തുകൊണ്ടിരിക്കുന്നവർ നമ്മെ മറികടന്നുകളയാം എന്ന് വിചാരിച്ചിരിക്കുകയാണോ? അവർ തീരുമാനിക്കുന്നത് വളരെ മോശം തന്നെ!

5. വല്ലവനും അല്ലാഹുവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ; തീർച്ചയായും അല്ലാഹു നിശ്ചയിച്ച അവധി വരിക തന്നെ ചെയ്യും. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.

6. വല്ലവനും (അല്ലാഹുവിന്റെ മാർഗത്തിൽ) സമരം ചെയ്യുകയാണെങ്കിൽ തന്റെ സ്വന്തം ഗുണത്തിനായിത്തന്നെയാണ് അവൻ സമരം ചെയ്യുന്നത്. തീർച്ചയായും അല്ലാഹു ലോകരെ ആശ്രയിക്കുന്നതിൽ നിന്ന് മുക്തനത്രെ.

7. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവരുടെ തിന്മകൾ അവരിൽ നിന്ന് നാം മായ്ച്ചുകളയുകതന്നെ ചെയ്യും. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും നല്ലതിനുള്ള പ്രതിഫലം അവർക്ക് നാം നൽകുന്നതുമാണ്.

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حُسْنًا ۖ وَإِن جَاهَدَاكَ لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا ۚ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

8. തന്റെ മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കാൻ മനുഷ്യനോട് നാം അനുശാസിച്ചിരിക്കുന്നു. നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കുവാൻ അവർ (മാതാപിതാക്കൾ) നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ അവരെ നീ അനുസരിച്ചുപോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

1. 'ഹുറൂഫുൽ മുകത്തഅഃ' എന്ന് പറയുന്ന ഇത്തരം അക്ഷരങ്ങൾ സൂറത്തുകളുടെ തുടക്കത്തിൽ സാധാരണ കാണാറുണ്ട്. അവയ്ക്ക് അർഥം നൽകാൻ ശ്രമിക്കാതെ അത് കാണുന്നതുപോലെ വിശ്വസിക്കണമെന്നാണ് ഭൂരിപക്ഷ പണ്ഡിതന്മാരുടെ അഭിപ്രായം. അതിനെക്കുറിച്ചുള്ള അറിവ് നാം അവന് വിട്ടുകൊടുക്കണം. അത് വെറുതെ പറഞ്ഞതല്ലെന്നും നമുക്കറിയാത്ത ജ്ഞാനം അതിന് പിന്നിലുണ്ടെന്നും വിശ്വസിക്കണം.

ഇവിടെ അല്ലാഹു അവന്റെ അറിവിന്റെ പൂർണതയെക്കുറിച്ച് പറയുന്നു. താൻ ഒരു വിശ്വാസിയാണെന്ന് പറയുകയും തനിക്ക് വിശ്വാസം ഉണ്ടെന്ന് അവകാശപ്പെടുകയും ചെയ്യുന്ന ആരും പരീക്ഷണങ്ങളിൽ നിന്നും പ്രയാസങ്ങളിൽനിന്നും സുരക്ഷിതരായിരിക്കില്ലെന്നാണ് അല്ലാഹുവിന്റെ യുക്തി. വിശ്വാസത്തിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിലും അവർക്ക് ആശയക്കുഴപ്പങ്ങൾ ഉണ്ടായിരിക്കും. അങ്ങനെയല്ലെങ്കിൽ ആത്മാർഥതയുള്ളവനെയും കള്ളം പറയുന്നവനെയും സത്യത്തെ പിന്തുടരുന്നവനെയും അസത്യത്തിന്റെ വക്താവിനെയും തിരിച്ചറിയാനാവില്ല. പൂർവസമുദായങ്ങളിലും ഈ സമുദായത്തിലും അല്ലാഹുവിന്റെ നടപടിക്രമം സന്തോഷത്തിലും ദുഃഖത്തിലും ആശ്വാസത്തിലും പ്രയാസത്തിലും ഉന്മേഷത്തിലും വെറുപ്പിലും സമ്പന്നതയിലും ദാരിദ്ര്യത്തിലും അവരെ പരീക്ഷിച്ചുകൊണ്ടിരിക്കുക എന്നതാണ്. ചില സന്ദർഭങ്ങളിൽ ശത്രുക്കൾക്ക് അവരുടെമേൽ മേൽക്കോയ്മ ലഭിക്കുന്നു. അത് വാക്കിലും പ്രവൃത്തിയിലും ശത്രുവിനോട് പോരാടാൻ അവരെ പ്രേരിപ്പിക്കുന്നു. ഇത്തരം കാര്യങ്ങളും പരീക്ഷണങ്ങൾ തന്നെയാണ്. മറ്റു പരീക്ഷണങ്ങളും ഉണ്ടാകാം. ഇതെല്ലാം ആശയക്കുഴപ്പത്തിലേക്ക് നയിച്ചേക്കാം. അവന്റെ ആഗ്രഹങ്ങൾക്ക് വിരുദ്ധമായി കാര്യങ്ങളിൽ സംശയങ്ങൾ നേരിടുമ്പോൾ പതറാതെ തന്റെ വിശ്വാസം കൊണ്ട് പിടിച്ചുനിൽക്കുക. അതൊന്നും തന്നെ താൻ സ്വീകരിച്ച വിശ്വാസത്തിൽ നിന്ന് പിന്തിരിയാൻ കാരണമായിക്കൂടാ. അല്ലാഹുവും പ്രവാചകനും നിർദേശിച്ച കാര്യങ്ങൾക്ക് വിരുദ്ധമായ തെറ്റുകളിലേക്കും അനുസരണക്കേടിലേക്കും ദേഹേച്ഛകൾ ശക്തമായി ക്ഷണിക്കുമ്പോൾ വിശ്വാസം അനുസരിച്ച് പ്രവർത്തിക്കാനും ദേഹേച്ഛകൾക്കെതിരെ സമരം ചെയ്യാനും കഴിയണം. അതെല്ലാം അവരുടെ വിശ്വാസത്തിന്റെ സത്യതയെയും സ്വീകാര്യതയെയും അറിയിക്കുന്നു. എന്നാൽ ആശയക്കുഴപ്പങ്ങളും സംശയങ്ങളും വരുമ്പോൾ അത് അവന്റെ മനസ്സിനെ സ്വാധീനിക്കുകയും സംശയം ഉണ്ടാക്കുകയും ചെയ്യുകയും അത് തെറ്റുകളിലേക്കും നിർബന്ധ ബാധ്യതകൾ ഉപേക്ഷിക്കുന്നതിലേക്കും നയിക്കുകയും ചെയ്യുന്നുവെങ്കിൽ അത് വിശ്വാസത്തിന്റെ അപര്യാപ്തതയെയും ദുർബലതയെയും അറിയിക്കുന്നു.

ഈ വിഷയത്തിൽ ആളുകൾ വ്യത്യസ്ത തലത്തിൽ ഉള്ളവരാണ്. അത് നിർണയിക്കാൻ അല്ലാഹുവിനേ കഴിയൂ. അത് കൂടുകയും കുറയുകയും ചെയ്യും. ഇഹലോകത്തും പരലോകത്തും വിശ്വാസം കൊണ്ട് ഉറപ്പിച്ച് നിർത്താൻ നാം അല്ലാഹുവോട് ചോദിക്കണം; അവന്റെ മതത്തിൽ ഹൃദയങ്ങളെ അടിയുറച്ചു നിർത്താനും. പരീക്ഷണങ്ങളും പ്രയാസങ്ങളും ചീത്തയെ ഇല്ലാതാക്കുകയും ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. കൊല്ലന്റെ ആല പോലെയാണത്.

4. അതായത് തിന്മകളും പാപങ്ങളും ചെയ്യുന്നവർ തങ്ങളുടെ പ്രവർത്തനങ്ങൾ അവഗണി

ക്കപ്പെടുമെന്ന് കരുതുന്നുണ്ടോ? അല്ലാഹു അവരുടെ കാര്യത്തിൽ അശ്രദ്ധ കാണിക്കുമെന്നും അല്ലെങ്കിൽ അവനെ മറികടക്കാനാവുമെന്നും. ഈ വിചാരം കൊണ്ടാണോ അവരത് ചെയ്യാൻ തയ്യാറാകുന്നതും അവർക്കത് എളുപ്പമാകുന്നതും?

(അവർ തീരുമാനിക്കുന്നത് വളരെ മോശം തന്നെ) അവർ എത്ര മോശമായി വിധിക്കുന്നു! അനീതിയാണ്. അവരുടെ വിധി. അത് അല്ലാഹുവിന്റെ ശക്തിയുടെയും ജ്ഞാനത്തിന്റെയും പരോക്ഷമായ നിഷേധമാണ്. അവർക്ക് അല്ലാഹുവിന്റെ ശക്തിയെ തടുക്കാൻ കഴിവുണ്ടെന്നല്ലേ അവർ പരോക്ഷമായി പറയുന്നത്? വാസ്തവത്തിൽ അവർ ഏറ്റവും ദുർബലരും കഴിവില്ലാത്തവരുമാണ്.

5. തന്റെ രക്ഷിതാവിനെ സ്നേഹിക്കുകയും അവന്റെ സാമീപ്യം ആഗ്രഹിക്കുകയും അവന്റെ തൃപ്തി നേടാനായി പരിശ്രമിക്കുകയും ചെയ്യുന്നവനെ. നിനക്ക് ഇഷ്ടപ്പെട്ടവനെ കണ്ടുമുട്ടുന്നതിൽ നീ സന്തോഷിക്കുക. അത് വളരെ അടുത്തുതന്നെ സംഭവിക്കും. അതിനാൽ നീ അവനെ കണ്ടുമുട്ടാൻ ഒരുങ്ങുക. അവനിൽ എത്തുമെന്ന പ്രതീക്ഷയോടെ ആഗ്രഹത്തോടെ അവനിലേക്ക് നീങ്ങുക. എന്നാൽ അവകാശവാദം ഉന്നയിക്കുന്നവരെല്ലാം അവകാശികളാകണമെന്നില്ല. ആഗ്രഹിക്കുന്നവർക്കെല്ലാം ആഗ്രഹിക്കുന്നത് നൽകണമെന്നില്ല. കാരണം അല്ലാഹു എല്ലാ ശബ്ദങ്ങളും കേൾക്കുകയും എല്ലാ ഉദ്ദേശ്യങ്ങളും അറിയുകയും ചെയ്യുന്നു. ആ ഉദ്ദേശ്യത്തിൽ സത്യസന്ധത പുലർത്തുന്നവർക്ക് അവനാഗ്രഹിച്ചത് ലഭിക്കും. സത്യസന്ധത പുലർത്താത്തവർക്ക് അവന്റെ വാദം പ്രയോജനപ്പെടണമെന്നില്ല. കാരണം അവനോട് ആത്മാർഥ സ്നേഹം കാണിച്ചത് ആരാണെന്ന് അവനറിയുമല്ലോ.

6. (വല്ലവനും സമരം ചെയ്യുകയാണെങ്കിൽ) തന്റെ സ്വന്തത്തിനെതിരെയും പിശാചിനെതിരെയും അവിശ്വാസിയായ ശത്രുവിനെതിരെയും പോരാടുന്നവൻ. (തന്റെ സ്വന്തം ഗുണത്തിന് തന്നെയാണ് അവൻ പോരാടുന്നത്) അതിന്റെ പ്രയോജനം അവനുതന്നെ ലഭിക്കും. (തീർച്ചയായും അല്ലാഹു ലോകരെ ആശ്രയിക്കുന്നതിൽനിന്നും മുക്തനത്രെ) അല്ലാഹു അവന്റെ നേട്ടത്തിനു വേണ്ടി അവരോട് കൽപിച്ചിട്ടില്ല. അവരോടുള്ള പിശുക്ക് നിമിത്തം അവർക്ക് വിലക്കുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടില്ല. കൽപനകളിലും വിലക്കുകളിലും ഉത്തരവാദിത്തമുള്ള വ്യക്തികൾക്ക് പരിശ്രമം ആവശ്യമാണ്. കാരണം പൊതുവെ മനുഷ്യന്റെ മനസ്സുതന്നെ നന്മ ചെയ്യാൻ വിമുഖത കാണിക്കുന്നു. പിശാച് പിന്തിരിപ്പിക്കുകയും ചെയ്യുന്നു. അവിശ്വാസിയായ ശത്രു അവന്റെ ദീൻ നിലനിർത്തുന്നതിനെ തടയുകയും ചെയ്യുന്നു. ഇത്തരം എതിർപ്പുകളെല്ലാമാകുമ്പോൾ അധ്വാനവും പരിശ്രമവും ത്യാഗവും ആവശ്യമായി വരും.

7. വിശ്വാസം കൊണ്ടും സൽകർമങ്ങൾകൊണ്ടും അല്ലാഹു അനുഗ്രഹിച്ചവർ. അവരുടെ തിൻമകൾ അവരിൽനിന്നും അവൻ മായ്ച്ച് കളയും. കാരണം നൻമകൾ തിൻമകളെ മായ്ച്ച് കളയുന്നതാണ്. (അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റവും നല്ലതിനുള്ള പ്രതിഫലം അവർക്ക് നാം നൽകുന്നതാണ്) നിർബന്ധമായതും ഐച്ഛികമായതും പ്രോത്സാഹനകരവുമായ കർമങ്ങളാണ് സൽപ്രവൃത്തികൾ. ഒരു വ്യക്തിയുടെ കർമങ്ങളിൽ ഏറ്റവും മികച്ചത് ഇവയാണ്. കാരണം അവൻ അനുവദനീയമായ കാര്യങ്ങളും മറ്റുള്ളവയും ചെയ്യുന്നു.

8. മനുഷ്യരോട്, അവന്റെ മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്ന് നാം കൽപിച്ചിരിക്കുന്നു. അതായത് വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അവർക്ക് നൻമ ചെയ്യാൻ. അവരെ വിഷമിപ്പിക്കാൻ പാടില്ല. വാക്കുകൊണ്ടോ പ്രവർത്തനം കൊണ്ടോ അവരോട് തിന്മ ചെയ്യരുത്. (നിനക്ക് യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കാൻ അവർ നിന്നോട് നിർബന്ധപൂർവം ആവശ്യപ്പെട്ടാൽ) അല്ലാഹുവിന് പങ്കാളികളെ നിശ്ചയിക്കുന്നതിന് യാതൊരു സാധുതയും ഇല്ല. ബഹുദൈവാരാധനയുടെ ഗുരുതരാവസ്ഥയും ഇത് സൂചിപ്പിക്കുന്നു.

(അവരെ നീ അനുസരിച്ചു പോകരുത്. എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്) അപ്പോൾ നിങ്ങളുടെ പ്രവൃത്തികൾക്ക് നാം പ്രതിഫലം നൽകും. അതിനാൽ നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുകയും അവർക്ക് മുൻഗണന നൽകുകയും ചെയ്യുക. എന്നാൽ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നതിനെക്കാൾ മുൻഗണന നൽകരുത്. അതിനായിരിക്കണം എല്ലാ കാര്യത്തെക്കാളും മുൻഗണന നൽകേണ്ടത്.

ഡോ. ടി. കെ. യൂസുഫ്
: 9349798262



വൃക്കരോഗങ്ങൾ വരാതിരിക്കാൻ

മനുഷ്യ ശരീരത്തിൽ ഏറ്റവും കൂടുതൽ കാലം പ്രവർത്തിക്കാൻ കഴിവുള്ള ഒരു അവയവമാണ് കിഡ്നി. ഇതര അവയവങ്ങളെ അപേക്ഷിച്ച് ഒരാളുടെ പ്രായം നാൽപത് ആകുന്ന സമയത്തും എൺപത് ആകുന്ന സമയത്തും അതിന് ഒരു പോലെ പ്രവർത്തിക്കാൻ കഴിയും. എന്നാൽ ഇന്ന് അനവധിയാളുകൾ വൃക്കകൾ തകരാറിലായത് നിമിത്തം ഡയാലിസിസിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്.

വൃക്കരോഗങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളി തുടക്കത്തിൽ അത് യാതൊരു ലക്ഷണവും കാണിക്കുന്നില്ല എന്നതാണ്. തന്നിമിത്തം തൊണ്ണൂറ് ശതമാനം ആളുകളും വൃക്ക പാടെ തകർന്നതിന് ശേഷമാണ് രോഗം കണ്ടെത്തുന്നത്. അതുകൊണ്ട് പ്രമേഹം, രക്ത സമ്മർദം തുടങ്ങി മാറാരോഗമുള്ളവർ വർഷത്തിൽ ഒരിക്കലെങ്കിലും മൂത്രത്തിലെ മൈക്രോ ആൽബുമീൻ, രക്തത്തിലെ ക്രിയാറ്റിൻ എന്നിവ പരിശോധിക്കേണ്ടതാണ്. തുടക്കത്തിൽതന്നെ കണ്ടെത്തിയാൽ ചികിത്സ, ഭക്ഷണ രീതി എന്നിവകൊണ്ട് ദീർഘകാലം പിടിച്ചുനിൽക്കാൻ കഴിയും.

കിഡ്നിയുടെ പ്രവർത്തനക്ഷമത വർധിപ്പിക്കാനും തകരാറുകൾ തടയാനും ധാരാളം പ്രകൃതിപരമായ ഔഷധങ്ങളും ആഹാരങ്ങളുമുണ്ട്. ഇവ പിന്തുടരുകയാണെങ്കിൽ വൃക്കരോഗങ്ങൾ വരാതിരിക്കാനും ഒരളവോളം അതിനെ തടയാ

വൃക്കരോഗങ്ങളുടെ ഏറ്റവും വലിയ വെല്ലുവിളി തുടക്കത്തിൽ അത് യാതൊരു ലക്ഷണവും കാണിക്കുന്നില്ല എന്നതാണ്. തന്നിമിത്തം തൊണ്ണൂറ് ശതമാനം ആളുകളും വൃക്ക പാടെ തകർന്നതിന് ശേഷമാണ് രോഗം കണ്ടെത്തുന്നത്. അതുകൊണ്ട് പ്രമേഹം, രക്ത സമ്മർദം തുടങ്ങി മാറാ രോഗമുളളവർ വർഷത്തിൽ ഒരിക്കലെങ്കിലും മൂത്രത്തിലെ മൈക്രോ ആൽബുമീൻ, രക്തത്തിലെ ക്രിയാറ്റിൻ എന്നിവ പരിശോധിക്കേണ്ടതാണ്. തുടക്കത്തിൽതന്നെ കണ്ടെത്തിയാൽ ചികിത്സ, ഭക്ഷണ രീതി എന്നിവകൊണ്ട് ദീർഘകാലം പിടിച്ചുനിൽക്കാൻ കഴിയും.

നും സാധിക്കും. പല രാജ്യങ്ങളിലെയും ജേർണലുകളിൽ ചിതറിക്കിടക്കുന്ന ഇത്തരം വിവരങ്ങൾ ശേഖരിക്കുകയാണെങ്കിൽ കിഡ്നി രോഗികൾക്ക് അത് പ്രയോജനപ്രദമായിരിക്കും. എന്നാൽ ഈ വിവര ശേഖരംകൊണ്ട് ആർക്കും വരുമാനമുണ്ടാകാത്തത് കാരണം ഇവ പലർക്കും അജ്ഞാതമാണ്.

'ക്രോണിക് കിഡ്നി ഡിസീസ്' എന്ന പേരിലറിയപ്പെടുന്ന വിട്ടുമാറാത്ത വൃക്കരോഗങ്ങളിലേക്ക് വഴിവെക്കുന്ന ഒന്നാമത്തെ കാരണം പ്രമേഹമാണ്. രക്തസമ്മർദ്ദമാണ് രണ്ടാമത്തെ നിമിത്തമായി ഗണിക്കുന്നത്. പ്രമേഹരോഗികളിൽ നാൽപത് ശതമാനത്തിന് ഡയബറ്റിക് നെഫ്രോപതി എന്ന വൃക്കരോഗം ബാധിക്കുന്നുണ്ട്. മൂത്രത്തിലൂടെ പ്രോട്ടീൻ അല്ലെങ്കിൽ ആൽബുമീൻ ലീക്ക് ചെയ്യുന്നതാണ് ഈ രോഗത്തിന്റെ പ്രാഥമിക ലക്ഷണം. ഉയർന്ന രക്തസമ്മർദമുളളവരിൽ മുപ്പത് ശതമാനത്തിനും വികസിത രാജ്യങ്ങളിൽ ഈ രോഗം ബാധിക്കുന്നുണ്ട്. ശരീരത്തിലെ പ്രതിരോധത്തിലെ താളപ്പിഴയും ചില രോഗാണുക്കളും കിഡ്നിരോഗങ്ങളിലേക്ക് വഴിവെക്കുന്നുണ്ട്. നെഫ്രോ ടോക്സിക് എന്ന പേരിലറിയപ്പെടുന്ന ചില മരുന്നുകൾ കിഡ്നിക്ക് കഠിനമായ പരിക്കേൽപിക്കുകയും അതിനെ തകരാറിലാക്കുകയും ചെയ്യുന്നുണ്ട്. വേദന സംഹാരികളും ചില ആന്റി ബയോട്ടിക്കുകളും ക്യാൻസർ രോഗത്തിനുളള മരുന്നുകളും ഈ ഗണത്തിൽ പെടുന്നതാണ്. ഇവയ്ക്ക് പുറമെ ജനിതക കാരണങ്ങളും കിഡ്നി രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. പുകവലി, പൊണ്ണത്തടി, പ്രായക്കൂടുതൽ, മരുന്നുകൾ, നിർജലീകരണം എന്നിവയെല്ലാം വൃക്കരോഗങ്ങളെ കൂടുതൽ സങ്കീർണമാക്കുന്നതാണ്.


മനുഷ്യശരീരത്തിലെ സുപ്രധാന ദൗത്യങ്ങൾ നിർവഹിക്കുന്ന ഒരു അവയവമാണ് കിഡ്നി. അവയുടെ ജോലികൾ എന്തെന്ന് മനസ്സിലാക്കി അമിത ജോലിഭാരത്തിലൂടെ അതിനെ തകർക്കാതിരിക്കാനാണ് നാം ശ്രമിക്കേണ്ടത്. ശരീരത്തിലെ മാലിന്യങ്ങളും അമിതജലവും നീക്കം ചെയ്യലാണ് പ്രഥമവും പ്രധാനവുമായ ദൗത്യം. ദിനേന 180 ലിറ്റർ രക്തം ശുദ്ധീകരിച്ചിട്ടാണ് അവ മൂത്രം ഉത്പാദിപ്പിക്കുന്നത്. കിഡ്നിയുടെ മറ്റൊരു ദൗത്യം രക്ത സമ്മർദം നിയന്ത്രിക്കുകയാണ്. രക്ത ശുദ്ധീകരണത്തിന് സമ്മർദം ആവശ്യമാണെങ്കിലും അധികമായാൽ അത് വൃക്കയെ പ്രതികൂലമായി ബാധിക്കുകയും രക്തസമ്മർദം വീണ്ടും ഉയരുകയും ചെയ്യും.

വൃക്കയുടെ ജോലി ഇവയിൽ മാത്രം പരിമിതമാകുന്നില്ല. ശരീരത്തിലെ വൈറ്റമിൻ ഡി പ്രവർത്തനക്ഷമമാക്കുന്നത് കിഡ്നിയാണ്.നമുക്ക് ഭക്ഷണത്തിലൂടെയോ സപ്ലിമെന്റിലൂടെയോ ലഭിക്കുന്ന വൈറ്റമിൽ ഡി ആക്റ്റീവ് ആയിരിക്കില്ല. പിന്നീട് കരൾ അതിനെ ഹൈഡ്രോക്സിയും പിന്നീട് കിഡ്നി അതിനെ ഡിഹൈഡ്രോക്സിയുമാക്കി മാറ്റുമ്പോഴാണ് അവ ശരീരത്തിന് പ്രയോജനപ്പെടുന്നത്. ഈ വൈറ്റമിൻ ഡി ഉണ്ടെങ്കിലേ ഭക്ഷണത്തിലെ കാൽസ്യം, ഫോസ്ഫറസ് എന്നിവ വലിച്ചെടുക്കാൻ കഴിയൂ. ഇവയുടെ സന്തുലനവും നിർവഹിക്കുന്നത് കിഡ്നി തന്നെയാണ്. നമ്മുടെ ശരീരത്തിലെ രക്തക്കുറവ് പരിഹരിക്കണമെങ്കിലും വൃക്കയുടെ പ്രവർത്തനം അനിവാര്യമാണ്. രക്തം ഉണ്ടാകാൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ നമ്മുടെ ശരീരത്തിൽ എത്രമാത്രം ഉണ്ടെങ്കിലും കിഡ്നി ഉത്പാദിപ്പിക്കുന്ന എരിത്രോപോയ്റ്റീൻ എന്ന ഹോർമോൺ മജ്ജക്ക് നിർദേശം നൽകുമ്പോഴാണ് രക്ത

നിർമാണം നടക്കുന്നത്. ഡയാലിസിസിന് വിധേയരാകുന്ന രോഗികളുടെ വിളർച്ച തടയാൻ ഇപ്പോൾ ഈ ഹോർമോൺ സമാനതകൾ കുത്തിവെക്കുന്നുണ്ട്. ഇത് കണ്ടെത്തുന്നതിനു മുമ്പ് ഇവർക്ക് ഇടക്കിടെ രക്തം കയറ്റേണ്ടിവന്നിരുന്നു.

കിഡ്നിയുടെ സുപ്രധാനമായ മറ്റൊരു ദൗത്യം ശരീരത്തിലെ അമ്ലവും ക്ഷാരവും സന്തുലിതമാക്കി പിഎച്ച് നില നിർത്തുകയാണ്. നമ്മൾ കഴിക്കുന്ന ആഹരങ്ങളിൽ ഈ രണ്ട് ഗുണമുള്ളവയുമുണ്ട്. അമ്ല ഗുണമുള്ള ഭക്ഷണങ്ങൾ മാത്രം കഴിക്കുന്നവരുടെ വൃക്കകൾ പിഎച്ച് നോർമലാക്കാൻ അമിത ജോലി ചെയ്യേണ്ടിവരും. അസ്ഥികളിലെ കാൽസ്യം വലിച്ചെടുത്താണ് കിഡ്നി അസിഡിറ്റി നിർവീര്യമാക്കുന്നത്. ശരീരത്തിലെ അസിഡിറ്റി നിയന്ത്രിക്കാൻ കഴിഞ്ഞാൽ കിഡ്നി പരാജയം തടയാനോ നിയന്ത്രിക്കാനോ കഴിയും.

ക്രോണിക് കിഡ്നി രോഗങ്ങൾ മാറ്റിയെടുക്കാൻ കഴിയില്ല എന്നാണ് വൈദ്യശാസ്ത്രം പരമ്പരാഗതമായി പഠിപ്പിച്ചുവരുന്നത്. രോഗികൾക്ക് ഇന്ന് നൽകപ്പെടുന്ന മരുന്നുകളെല്ലാം രോഗം നിയന്ത്രിക്കുകയോ സ്ഥിതി വഷളാകാതിരിക്കാൻ സംരക്ഷണം നൽകുകയോ മാത്രമാണ് ചെയ്യുന്നത്. ഈ മരുന്നുകൾക്കെല്ലാം തന്നെ അതിന്റെതായ പാർശ്വഫലങ്ങളുമുണ്ട്. എന്നാൽ പ്രകൃതി മാർഗങ്ങൾ പിന്തുടരുന്നതിലൂടെ അത് ഒരളവോളം മാറ്റിയെടുക്കാൻ കഴിയുമെന്നാണ് ചില സുപ്രസിദ്ധ നെഫ്രോളജിസ്റ്റുകൾ പറയുന്നത്. ഇത്തരം പഠന ഗവേഷണ ഫലങ്ങൾ പിയർ റിവ്യൂഡ് ജേർണലുകളിൽ പ്രസിദ്ധം ചെയ്തിട്ടുമുണ്ട്. ലളിതമായ ഭക്ഷണരീതികൾ പിന്തുടുന്നതിലൂടെ മരുന്നുകളില്ലാതെ, അല്ലെങ്കിൽ അവയുടെ പാർശ്വഫലങ്ങളില്ലാതെ വൃക്ക തകരാറുകളെ തടഞ്ഞു നിർത്താൻ കഴിയും. പോഷക സമൃദ്ധമായതും ധാരാളം നാരുകളുള്ളതും കുറഞ്ഞ പ്രോട്ടീനുള്ളതും കൂടുതൽ ആന്റി ഓക്സിഡന്റുകളടങ്ങിയതുമായ ഭക്ഷണമാണ് കഴിക്കേണ്ടത്. സംസ്ക്കരിച്ച ഭക്ഷണങ്ങൾ, പഞ്ചസാര, പൂരിത കൊഴുപ്പുകൾ എന്നിവ പാടെ വർജിക്കുകയും വേണം. അതിലേറെ പ്രധാനം ശുദ്ധജലം കുടിച്ച് ശരീരത്തിലെ ജലാംശം നിലനിർത്തുകയാണ്.



> ശുദ്ധമായ കുടിവെള്ളം ആരോഗ്യത്തിന്റെ അടിത്തറയാണെന്നത് ഏവരും അംഗീകരിച്ചതാണ്. രോഗം മാറാനും അത് അനിവാര്യമാണ്. കിഡ്നി രോഗങ്ങളുടെ കാര്യത്തിൽ അത് അത്യന്താപേക്ഷിതമാണ്. ശുദ്ധജലത്തിന്റെ അഭാവമാണ് പലരുടെയും കിഡ്നിയുടെ കഥ കഴിക്കുന്നത്. അതുകൊണ്ട് രോഗത്തെ തടയണമെങ്കിൽ മതിയായ അളവിൽ വെള്ളം കുടിക്കേണ്ടതുണ്ട്. ശുദ്ധമായ കിണർ ജലം സമൃദ്ധമായും സൗജന്യമായും ലഭിക്കുന്ന നമ്മുടെ നാട്ടിലും വെള്ളം കുടിക്കാതെ പലരും ധാരാളം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ, യൂറോപ്യൻ നാട്ടുവൈദ്യങ്ങളെ കേന്ദ്രീകരിച്ച് പ്രകൃതി മാർഗങ്ങളിലൂടെ വൃക്കരോഗങ്ങൾ തടയാനുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ട്. ആധുനിക വൈദ്യ ശാസ്ത്രവും ഇവയുടെ ഫലപ്രാപ്തി അംഗീകരിച്ചിട്ടുണ്ട്. ഉദാഹരണമായി, ശുദ്ധമായ കുടിവെള്ളം ആരോഗ്യത്തിന്റെ അടിത്തറയാണെന്നത് ഏവരും അംഗീകരിച്ചതാണ്. രോഗം മാറാനും അത് അനിവാര്യമാണ്. കിഡ്നി രോഗങ്ങളുടെ കാര്യത്തിൽ അത് അത്യന്താപേക്ഷിതമാണ്. ശുദ്ധജലത്തിന്റെ അഭാവമാണ് പലരുടെയും കിഡ്നിയുടെ കഥ കഴിക്കുന്നത്. അതുകൊണ്ട് രോഗത്തെ തടയണമെങ്കിൽ മതിയായ അളവിൽ വെള്ളം കുടിക്കേണ്ടതുണ്ട്. ശുദ്ധമായ കിണർ

ജലം സമൃദ്ധമായും സൗജന്യമായും ലഭിക്കുന്ന നമ്മുടെ നാട്ടിലും വെള്ളം കുടിക്കാതെ പലരും ധാരാളം ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. കുടിവെള്ളത്തിന് മിനറൽ ബോട്ടിലുകളെ ആശ്രയിക്കുന്ന രീതി ഇപ്പോൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. കിഡ്നി രോഗികളെ സംബന്ധിച്ചേടത്തോളം ഇത് അത്ര നല്ലതല്ല. കാരണം കുപ്പിവെള്ളത്തിൽ ചേർക്കുന്ന മിനറലുകൾ രാസലവണങ്ങളായതിനാൽ അതിനെ പുറന്തള്ളുന്ന ജോലികൂടി കിഡ്നി നിർവഹിക്കേണ്ടിവരും. നമ്മുടെ ശരീരത്തിന് ആവശ്യമായ ലവണങ്ങൾ സാധാരണ ഗതിയിൽ ഭക്ഷണത്തിൽനിന്നുതന്നെ ആവശ്യത്തിന് ലഭിച്ചിരിക്കും. ബോട്ടിൽ ജലത്തിന്റെ മറ്റൊരു പ്രശ്നം അതിൽ കലരുന്ന ബിസ്ഫനോൾ എ പോലുള്ള പ്ലാസ്റ്റിക് കണികകളാണ്. ഇവയുണ്ടാക്കിനിടയുള്ള ആരോഗ്യ പ്രശ്നങ്ങൾ അനവധിയാണ്.

ഒരാൾ ഒരു ദിവസം കുടിക്കേണ്ട വെള്ളത്തിന്റെ അളവ് എത്രയാണ് എന്നതാണ് പലർക്കും അറിയാത്തത്. ഒരു പുരുഷൻ 3.7 ലിറ്ററും സ്ത്രീ 2.7 ലിറ്ററും കുടിക്കണമെന്നാണ് അമേരിക്കയിലെ ദേശീയ സയൻസ് അക്കാദമി നിർദേശിക്കുന്നത്. എല്ലാ പാനീയങ്ങളുമടക്കമാണ് ഇത് കണക്കാക്കുന്നത്. ചായ, കാപ്പി, കോള പോലുള്ള പാനീയങ്ങൾ വെള്ളത്തിന്റെ ആവശ്യം പരിഹരിക്കുമെങ്കിലും അതിന് ഒരു നിർജലീകരണ പ്രവണത കൂടിയുണ്ടെന്ന് നാം മനസ്സിലാക്കണം. കിഡ്നി മാറ്റിവെച്ചവരും ഡയാലിസ് ചെയ്യുന്നവരും അവരുടെ ഡോക്ടറുടെ നിർദേശമനുസരിച്ച് മാത്രമാണ് വെള്ളം കുടിക്കേണ്ടത്. അല്ലാത്തവർ എത്ര തിരക്കുള്ളവരാണെങ്കിലും വെള്ളം കുടിക്കാൻ സമയം കണ്ടെത്തേണ്ടതാണ്. മറ്റു ശരീര കോശങ്ങളെ പോലെ കിഡ്നിയുടെ നല്ലൊരു ശതമാനവും വെള്ളമാണ്. അതിന് പ്രവർത്തിക്കണമെങ്കിലും ജലം ആവശ്യമാണ്. ഭക്ഷണത്തിന്റെ ഇടവേളകളാണ് വെള്ളം കുടിക്കാൻ ഏറ്റവും അനുയോജ്യമായ സമയം. 200 മില്ലി അളവുള്ള പത്തു ഗ്ലാസ് വെള്ളമെങ്കിലും പല സമയത്തായി കുടിക്കണം. എന്നാൽ ശരീരത്തിന് ആവശ്യമുള്ള വെള്ളം ഒട്ടകത്തെ പോലെ ഒറ്റയടിക്ക് അകത്താക്കുന്ന ശീലം നല്ലതല്ല. കാരണം അത് സോഡിയം കുറവ് പോലുള്ള വിപരീത ഫലമുണ്ടാക്കും. മൂത്രത്തിൽ പതയും നിറവ്യത്യാസവുമുണ്ടാകുന്നത് കാണുന്നവർ ജാഗ്രതി പാലിക്കേണ്ടതാണ്.

(തുടരും)

മുഹമ്മദ് അൽജിബാലി
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ



വിധിവിശ്വാസം 05

അല്ലാഹുവിന്റെ സ്ഥായിയായ ഉദ്ദേശ്യം

അല്ലാഹു തന്റെ സൃഷ്ടികളിൽ എല്ലാം ഉദ്ദേശിക്കും. അല്ലാഹു ഉദ്ദേശിക്കുന്നത് സംഭവിക്കുകതന്നെ ചെയ്യും. അവൻ ഉദ്ദേശിക്കാത്തത് ഒരിക്കലും സംഭവിക്കുകയുമില്ല. അല്ലാഹു പറയുന്നു:

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു"(യാസീൻ: 82).

നിസ്സംശയം, അല്ലാഹു ഉദ്ദേശിക്കുന്നത് അവന്റെ കഴിവുകൊണ്ട് നടപ്പിലാക്കുകതന്നെ ചെയ്യും. അവൻ ഉദ്ദേശിക്കാത്തത് നടപ്പിലാകുന്നതുമല്ല. അത് നടപ്പിലാകാത്തത് അല്ലാഹു നടപ്പിലാക്കാനുദ്ദേശിക്കാ ത്തതുകൊണ്ടാണ്. അല്ലാതെ അല്ലാഹുവിന്റെ എന്തെങ്കിലും കഴിവുകേടുകൊണ്ടല്ല.

പ്രകൃതിപ്രതിഭാസങ്ങൾ അല്ലാഹു ഉദ്ദേശിക്കുന്നു

ഗ്രഹങ്ങളുടെ ഭ്രമണം, മേഘങ്ങൾ, മഴ, കൃഷി, ജീവജാലങ്ങൾ, മനുഷ്യന്റെ ശരീരഘടന, പ്രകൃതി ദുരന്തങ്ങൾ പോലെയുള്ള പ്രതിഭാസങ്ങൾ പൂർണമായും അല്ലാഹുവിന്റെ ഉദ്ദേശത്തിന് വിധേയമാണ്. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:

"നിന്റെ രക്ഷിതാവിനെ സംബന്ധിച്ച് നീ ചിന്തിച്ചു നോക്കിയിട്ടില്ലേ; എങ്ങനെയാണ് അവൻ നിഴലിനെ നീട്ടിയത് എന്ന്? അവൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനെ അവൻ നിശ്ചലമാക്കുമായിരുന്നു" (അൽ ഫുർഖാൻ: 45).

ആകാശഭൂമികളിലുള്ള സചേതനവും അചേതനവുമായ സകല ജീവജാലങ്ങളുടെയും സ്രഷ്ടാവും സംരക്ഷകനും അല്ലാഹു മാത്രമാണ്.



ദിനംപ്രതി അല്ലാഹു ഉത്തരവിറക്കുകയും എല്ലാ മനുഷ്യരുടെയും ആപേക്ഷികമായ പദവികളെ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അതിലൂടെ ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. ഇതിനർഥം, ജനങ്ങൾ അന്നേദിവസം തങ്ങളുടെ യോഗ്യതകൾക്കനുസരിച്ച് എങ്ങനെ വ്യത്യാസപ്പെടണം എന്ന് തീരുമാനിക്കുന്നത് അല്ലാഹു മാത്രമാണ് എന്നാണ്.

സാമൂഹ്യ പ്രതിഭാസങ്ങൾ അല്ലാഹു ഉദ്ദേശിക്കുന്നു

യുദ്ധവും സമാധാനവും, സ്നേഹവും വെറുപ്പും, ഐക്യവും അനൈക്യവും പോലെയുള്ള സാമൂഹ്യ പ്രതിഭാസങ്ങളും പൂർണമായും അല്ലാഹുവിന്റെ ഉദ്ദേശ്യത്തിന് വിധേയമാണ്. ഉദാഹരണത്തിന്, അല്ലാഹു പറയുന്നു:"അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവർ പോരടിക്കുമായിരുന്നില്ല. പക്ഷേ, അല്ലാഹു താനുദ്ദേശിക്കുന്നത് ചെയ്യുന്നു" (അൽബഖറ 253).

അല്ലാഹു പറയുന്നു: "അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ നിങ്ങളെ അവൻ ഒരൊറ്റ സമുദായമാക്കുമായിരുന്നു" (അൽമാഇദ 48).

സന്മാർഗവും ദുർമാർഗവും

സന്മാർഗത്തിന്റെയും ദുർമാർഗത്തിന്റെയും വിഷയത്തിൽ പോലും അല്ലാഹുവിന്റെ ഉദ്ദേശം നിലനിൽക്കുന്നുണ്ട്. അല്ലാഹു പറയുന്നു:"ലോകരക്ഷിതാവായ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിലല്ലാതെ നിങ്ങൾ ഉദ്ദേശിക്കുകയില്ല" (അത്തക്‌വീർ 29).

നമ്മുടെ ഉദ്ദേശ്യം അല്ലാഹുവിന്റെ ഉദ്ദേശത്താൽ വലയം ചെയ്യപ്പെട്ടതും അതിന് വിധേയവുമാണ് എന്ന് ഈ ആയത്ത് സൂചിപ്പിക്കുന്നു.

അല്ലാഹു പറയുന്നു: "നാം അവരിലേക്ക് മലക്കുകളെ ഇറക്കുകയും, മരിച്ചവർ അവരോട് സംസാരിക്കുകയും, സർവ വസ്തുക്കളെയും നാം അവരുടെ മുമ്പാകെ കൂട്ടം കൂട്ടമായി ശേഖരിക്കുകയും ചെയ്താലും അവർ വിശ്വസിക്കാൻ പോകുന്നില്ല; അല്ലാഹു ഉദ്ദേശിച്ചെങ്കിലല്ലാതെ. എന്നാൽ അവരിൽ അധികപേരും വിവരക്കേട് പറയുകയാകുന്നു" (അൽഅൻആം 111).

അല്ലാഹു പറയുന്നു: "നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ ബധിരരും ഊമകളും ഇരുട്ടുകളിൽ അകപ്പെട്ടവരുമത്രെ. താൻ ഉദ്ദേശിക്കുന്നവരെ അല്ലാഹു വഴികേടിലാക്കും. താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലാക്കുകയും ചെയ്യും" (അൽഅൻആം 39).

അല്ലാഹു പറയുന്നു: "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ പങ്കുചേർക്കുമായിരുന്നില്ല" (അൽ അൻആം 107).

അല്ലാഹു പറയുന്നു:"നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു" (യൂനുസ് 99).

അതിനാൽ, അനുസരണമായാലും ധിക്കാരമായാലും ഒരു വ്യക്തിയുടെ കർമങ്ങളെല്ലാം അല്ലാഹുവിന്റെ പൊതുവായ ഈ ഉദ്ദേശത്തിനനുസരിച്ചാണ് സംഭവിക്കുന്നത്.

ഇതിനർഥം അല്ലാഹു അവനെ അനുസരിക്കാനോ ധിക്കരിക്കാനോ നിർബന്ധിക്കുന്നുവെന്നോ, നമുക്ക് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലെന്നോ അല്ല. നമ്മുടെ യുക്തിയും അനുഭവങ്ങളും മാത്രമല്ല, ഖുർആനിന്റെയും സുന്നത്തിന്റെയും മൂലവാക്യങ്ങളും അത്തരം ഒരു ധാരണയെ നിരാകരിക്കുന്നു. നമുക്ക് ഇഛാസ്വാതന്ത്ര്യമില്ലായിരുന്നെങ്കിൽ, വിധിവിലക്കുകൾക്കും ദൂതന്മാരെ അയക്കുന്നതിലും മതപ്രബോധനം നടത്തുന്നതിലും യാതൊരർഥവും ഉണ്ടാകുമായിരുന്നില്ല. (കൂടുതൽ ചർച്ച ശേഷം വരുന്നുണ്ട്).

4. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹുവാണ്

അല്ലാഹു എല്ലാ വസ്തുക്കളും സൃഷ്ടിച്ചു. അവനല്ലാതെ മറ്റൊരു

സ്രഷ്ടാവില്ല. അല്ലാഹു പറയുന്നു: "അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാകുന്നു" (അസ്സുമർ 62).

വിശ്വപ്രപഞ്ചം

അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും അവയിലുള്ളതിനെയും സൃഷ്ടിച്ചു. അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും, ഇരുട്ടുകളും വെളിച്ചവും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സർവ സ്തുതിയും" (അൽഅൻആം 1).

അല്ലാഹു പറയുന്നു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനണ് സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും" (യാസീൻ 81).

അല്ലാഹു പറയുന്നു: "അവനത്രെ രാത്രി, പകൽ, സൂര്യൻ, ചന്ദ്രൻ എന്നിവയെ സൃഷ്ടിച്ചത്. ഓരോന്നും ഓരോ ഭ്രമണപഥത്തിലൂടെ നീന്തി(സഞ്ചരിച്ചു)ക്കൊണ്ടിരിക്കുന്നു" (അൽഅമ്പിയാഅ്: 33)

ജനങ്ങൾ

സ്രഷ്ടാവും സംരക്ഷകനും അല്ലാഹു മാത്രമാണ്. അവൻ നമ്മെ ഒരു വ്യക്തിയിൽനിന്നുമാണ് സൃഷ്ടിച്ചത് - ആദമി(അ)ൽനിന്ന്. അല്ലാഹു പറയുന്നു: "മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ" (അന്നിസാഅ് 1).

ജനങ്ങളുടെ യോഗ്യതകളും കർമങ്ങളും

നമ്മുടെ ശരീരങ്ങളെ മാത്രമല്ല, നമ്മുടെ കഴിവുകളെയും ശേഷികളെയും നമ്മുടെ ബുദ്ധിയെയും നാമുമായി ബന്ധപ്പെട്ട എല്ലാറ്റിനെയും സൃഷ്ടിച്ചത് അല്ലാഹുവാണ്.

അബ്ദുല്ലാഹിബ്നു ഉമർ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "എല്ലാ കാര്യങ്ങളും ഒരു ക്വദർ (നിശ്ചയം) അനുസരിച്ചാണ് സംഭവിക്കുന്നത്; കഴിവുകേടും സാമർഥ്യവും വരെ" (ബുഖാരി, മുസ്ലിം).

നാം പ്രവർത്തിക്കുന്ന നല്ലതും തിയ്യതുമായ മുഴുവൻ സംഗതികളെയും സൃഷ്ടിച്ചിട്ടുള്ളതും അല്ലാഹുവാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവാണ് നിങ്ങളെയും നിങ്ങൾ നിർമിക്കുന്നവയെയും സൃഷ്ടിച്ചത്" (അസ്സാഫാത്ത് 96).

ഹുദൈഫ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയമായും എല്ലാ നിർമാതാക്കളെയും അവൻ നിർമിക്കുന്നതിനെയും സൃഷ്ടിച്ചത് അല്ലാഹുവാകുന്നു" (ബുഖാരി-'ഖൽകു അഫ്ആലിൽ ഇബാദ്,' ഇബ്നു അബീ ആസിം- 'അസ്സുന്ന.' അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞു-അസ്സ്വഹീഹ: 1637, അസ്സുന്ന: 357)

ജനങ്ങളുടെ പദവികളും വൈജാത്യങ്ങളും

ദിനംപ്രതി അല്ലാഹു ഉത്തരവിറക്കുകയും എല്ലാ മനുഷ്യരുടെയും ആപേക്ഷികമായ പദവികളെ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്. അതിലൂടെ ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. ഇതിനർഥം, ജനങ്ങൾ അന്നേദിവസം തങ്ങളുടെ യോഗ്യതകൾക്കനുസരിച്ച് എങ്ങനെ വ്യത്യാസപ്പെടണം എന്ന് തീരുമാനിക്കുന്നത് അല്ലാഹു മാത്രമാണ് എന്നാണ്. ഉദാഹരണമായി, ഏറ്റവും വലിയ സമ്പന്നൻ ആരാണ്, അതിനടുത്ത സമ്പന്നൻ, ഏറ്റവും ദരിദ്രൻ ആര്, തുടങ്ങിയവയെയും; ഏറ്റവും നല്ല ആരോഗ്യവാൻ ആര്, അതിനടുത്തവൻ ആര്, മുതലായവയെയും; ഏറ്റവും നല്ല സുന്ദരനാര്, അതിനടുത്തവനാര് എന്നിവയും, ഏറ്റവും വലിയ പണ്ഡിതൻ, അതിനടുത്തതാര് തുടങ്ങിയവയും അല്ലാഹുതന്നെയാണ് തീരുമാനിക്കുന്നത്.

അബൂഹുറയ്റ(റ) നിവേദനം, നബി(സ്വ) പറഞ്ഞു:"അല്ലാഹുവിന്റെ കൈ സമൃദ്ധമാണ്; ചെലവഴിക്കുന്നതുകൊണ്ട് അതൊരിക്കലും തീർന്നുപോവുകയില്ല. അവൻ രാവും പകലും ഉദാരശീലനാകുന്നു." എന്നിട്ടദ്ദേഹം പറഞ്ഞു: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചതു മുതൽ അവൻ ചെലവഴിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? അതൊന്നും അവന്റെ കൈയിലുള്ളതിനെ ചുരുക്കിക്കളഞ്ഞിട്ടില്ല. അവന്റെ അർശ് വെള്ളത്തിന്മേലായിരുന്നു. അവന്റെ കൈയിലാണ് (ക്വദറിന്റെ) തുലാസ്സ്, (ചിലരെ) ഉയർത്തുകയും (മറ്റുചിലരെ) താഴ്ത്തുകയും ചെയ്യുന്നു" (ബുഖാരി, മുസ്ലിം. പരിഭാഷയിലെ ആശയങ്ങൾ ഫത്ഹുൽ ബാരിയിൽ (7411) നിന്നും ലഭിച്ചതാണ്).

അബൂമൂസൽ അശ്അരി(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, അല്ലാഹു ഉറങ്ങാറില്ല; അത് അവന് യോജിച്ചതുമല്ല. അവൻ നീതി കൊണ്ട് (ചിലരെ) ഉയർത്തുകയും (മറ്റുചിലരെ) താഴ്ത്തുകയും ചെയ്യും. പകലിലെ കർമങ്ങൾ രാത്രിയിലും രാത്രിയിലെ കർമങ്ങൾ പകലിലും അവനിലേക്ക് ഉയർത്തപ്പെടുന്നു" (മുസ്ലിം)

(തുടരും)



അബ്ദുൽ ജബ്ബാർ മദീനി

ഖുൽഅ്

ഭാര്യ ഭർത്താവിന് നൽകുന്ന പ്രതിഫലത്തിന്മേൽ അവർക്കിടയിൽ ചില നിർണിത പദങ്ങളിലൂടെയുണ്ടാക്കുന്ന വേർപാടിനാണ് ഖുൽഅ് എന്ന് മതപരമായി പറയപ്പെടുന്നത്.

ഖുൽഅ്;
അർഥവും തെളിവുകളും:

1.ഖുൽഇന്റെ നിർവചനം:

'ഖലഅസ്സൗബു' (വസ്ത്രം ഉരിഞ്ഞു) എന്നതിൽനിന്ന് എടുക്കപ്പെട്ടതാണ് ഖുൽഅ് (خُلْع) എന്ന പദം. കാരണം, ദമ്പതികൾ ഓരോരുത്തരും അപരന്റെ വസ്ത്രങ്ങളാകുന്നു.

ഭാര്യ ഭർത്താവിന് നൽകുന്ന പ്രതിഫലത്തിന്മേൽ അവർക്കിടയിൽ ചില നിർണിത പദങ്ങളിലൂടെയുണ്ടാക്കുന്ന വേർപാടിനാണ് ഖുൽഅ് എന്ന് മതപരമായി പറയപ്പെടുന്നത്.

2. ഖുൽഅ് നിയമമാണെന്നതിന്റെ തെളിവ്:

അല്ലാഹു പറഞ്ഞു: "അങ്ങനെ അവർക്ക് (ദമ്പതിമാർക്ക്) അല്ലാഹുവിന്റെ നിയമ പരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉൽക്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് സ്വയം മോചനം നേടുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല" (ക്വുർആൻ 2: 229).

ഇബ്നു അബ്ബാസി(റ)ൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: "സാബിത് ഇബ്നു ക്വയ്സി(റ)ന്റെ ഭാര്യ തിരുനബി(സ)യുടെ അടുക്കൽ ചെന്നുകൊണ്ട് പറഞ്ഞു: "അല്ലാഹുവിന്റെ തിരുദൂതരേ, സാബിത് ഇബ്നു ക്വയ്സിന്റെ സ്വഭാവത്തെയോ മതനിഷ്ഠയെയോ കുറിച്ച് എനിക്ക് യാതൊരു ആക്ഷേപവുമില്ല. പക്ഷേ, ഇസ്ലാമിൽ കുഫ്റിനെ (ഭർത്താവിന്റെ സൽപെരുമാറ്റത്തെ നിഷേധിക്കുന്നതിനെ) ഞാൻ ഇഷ്ടപ്പെടുന്നില്ല.' തിരുനബി(സ) പറഞ്ഞു: 'അദ്ദേഹം (നിങ്ങൾക്കു മഹ്ർ) നൽകിയ തോട്ടം അദ്ദേഹത്തിനു നിങ്ങൾ തിരിച്ചു നൽകുമോ?' അവർ പറഞ്ഞു: 'അതെ.' അപ്പോൾ തിരുദൂതർ (സാബിതിനോടു) പറഞ്ഞു: 'തോട്ടം തിരിച്ചുവാങ്ങി അവരെ ത്വലാക്ക് ചൊല്ലുക."

മതവിധികളും യുക്തിയും

1. ഖുൽഇന്റെ മതവിധികൾ:

ഖുൽഉമായി ബന്ധപ്പെട്ട മതവിധികൾ താഴെ വരുന്ന കാര്യങ്ങളിൽ ചുരുക്കാം:

1. ദമ്പതികൾക്കിടയിലെ സമ്പർക്കം മോശമായാൽ ഖുർഅ് അനുവദനീയമാകുന്നു. ഭാര്യ ഭർത്താവിനു നിശ്ചയിക്കുന്ന സാമ്പ

ത്തികമായ പ്രതിഫലം കൊണ്ടല്ലാതെ ഖുൽഅ് സംഭവിക്കുകയില്ല.

2. തന്റേടമുള്ള ഭാര്യയിൽനിന്നല്ലാതെ അത് സംഭവിക്കുകയില്ല. കാരണം തന്റേടമില്ലാത്തവൾ യോഗ്യതക്കുറവ് കാരണത്താൽ സാമ്പത്തിക വിനിമയം ഉടമപ്പെടുത്തുന്നില്ല.
3. ഒരു പുരുഷൻ തന്റെ ഭാര്യയെ ഖുൽഉ ചെയ്താൽ സ്ത്രീ അവളുടെ കാര്യം ഉടമപ്പെടുത്തി. ഭർത്താവിന് അവളുടെമേൽ യാതൊരു അധികാരവും ശേഷിക്കുകയില്ല. അയാൾക്ക് അവളെ മടക്കിയെടുക്കലുമില്ല.
4. ഖുൽഇലൂടെ മോചിതയായ സ്ത്രീക്ക് അവളുടെ ഇദ്ദയുടെ കാലത്ത് ഖുൽഅ് ചെയ്ത ഭർത്താവിൽ നിന്ന് തലാക്കോ ളിഹാറോ ഈലാഓ ഏൽക്കുകയില്ല. കാരണം അവർ തന്റെ ഭർത്താവിൽ നിന്ന് അന്യയായിത്തീരും.
5. ആർത്തവകാലത്തും ലൈംഗിക ബന്ധത്തിലേർപെട്ട ശുദ്ധികാലത്തും ഖുൽഅ് അനുവദനീയമാകുന്നു. അതിലൂടെ അവൾക്ക് ക്ഷതമൊന്നുമില്ലാത്തതിനാലാണ്. കാരണം അല്ലാഹു നിർണിത കാലമെന്ന് ഉപാധിവെക്കാതെ അത് നിരുപാധികമാക്കുകയാണ് ചെയ്തത്.
6. ഖുൽഇലൂടെ മോചനം നേടുവാൻ നിർബന്ധിതയാകുവോളം ഭാര്യയെ ഉപദ്രവിക്കലും അവളുടെ അവകാശങ്ങൾ തടയലും പുരുഷനു നിഷിദ്ധമാണ്.

അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരമായിട്ട് അനന്തരാവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്ക് അനുവദനീയമല്ല. അവർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്കുവാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യരുത്. അവർ പ്രത്യക്ഷമായ വല്ല നീചവൃത്തിയും ചെയ്തെങ്കിലല്ലാതെ" (ക്വുർആൻ 4:19).

7. അവസ്ഥകൾ നേരെ ചൊവ്വെയായിട്ടും ഖുൽഇനെ തേടുന്ന കാരണമൊന്നുമില്ലാതിരുന്നിട്ടും ഭർത്താവിൽനിന്ന് മോചനം നേടുന്നത് ഭാര്യക്ക് വെറുക്കപ്പെട്ടതും നിഷിദ്ധവുമാകുന്നു. ഒന്നിച്ചു ജീവിക്കുവാൻ സാധിക്കാത്തവിധം സൃഷ്ടിപ്പിൽ ഭർത്താവ് കുറവുള്ളവനാവുക, സ്വഭാവത്തിൽ ദൂഷ്യമുള്ളവനാകുക, അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കുകയില്ലെന്ന് അവൾ ആശങ്കിക്കുക എന്നിവ യാണ് ഖുൽഇനെ തേടുന്ന കാരണങ്ങൾ.

2. ഖുൽഅ് നിയമമാക്കിയതിലെ ഹിക്മത്ത്

ദമ്പതികൾക്കിടയിലെ പാരസ്പര്യവും ന്യായമായ സമ്പർക്കവുമാണ് വിവാഹമെന്നത് സുവിദിതമാണല്ലോ. അല്ലാഹു പറഞ്ഞു:

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ" (ക്വുർആൻ 30: 21).

ഇത് നികാഹിന്റെ ഫലമാണ്. ഈ ആശയം സഫലമാകാതിരിക്കുകയും രണ്ടു പേരിൽനിന്നും സ്നേഹം ഉണ്ടാകാതിരിക്കുകയും അല്ലെങ്കിൽ ഭർത്താവിൽനിന്ന് സ്നേഹം ഉണ്ടാകാതിരിക്കുകയും അങ്ങനെ ബന്ധം മോശമായിത്തീരുകയും പ്രശ്നപരിഹാരം ശ്രമകരമാവുകയും ചെയ്താൽ അത്തരുണത്തിൽ ഭാര്യയെ ഭംഗിയായി പിരിച്ചയക്കുവാൻ കൽപിക്കപെട്ടവനാണ് ഭർത്താവ്.

"പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ നല്ലനിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്" (ക്വുർആൻ 2: 229).

ഭർത്താവിൽനിന്ന് സ്നേഹം ഉണ്ടാവുകയും ഭർത്താവിന്റെ സ്വഭാവം വെറുത്തതിനാലോ ഭർത്താവിനു ദീനീനിഷ്ഠ കുറഞ്ഞതിനാൽ നീരസപ്പെട്ടതിനാലോ അവൾക്ക് അവനോട് സ്നേഹമില്ലാതിരിക്കുകയും അല്ലെങ്കിൽ അവനോടുള്ള കടമ നിർവഹണത്തിൽ ഉപേക്ഷ വരുത്തുന്നതിനാലുള്ള കുറ്റം അവൾ ഭയക്കുകയും ചെയ്താൽ ഇത്തരം അവസ്ഥകളിൽ അവൾ വിനിയോഗിക്കുന്ന പ്രതിഫലം നൽകി അ വനിൽനിന്ന് മോചനം തേടാവുന്നതും സ്വന്തത്തിന് മോചനം നേടാവുന്നതുമാണ്. അല്ലാഹു പറഞ്ഞു:

"അങ്ങനെ അവർക്ക് (ദമ്പതിമാർക്ക്) അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉൽക്കണ്ഠതോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് സ്വയം മോചനം നേടുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല" (ക്വുർആൻ 2: 229)

(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽ ഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)




നിയാല സുബൈർ
തിരൂർക്കാട്

ചതഞ്ഞതും നഗ്നവുമായ കുഞ്ഞു പാദങ്ങൾ
പൊടിയിലൂടെയും നിരാശയിലൂടെയും
കിലോമീറ്ററുകൾ നടന്നു.
ചെരിപ്പില്ല, വെള്ളമില്ല, മുകളിൽ തണലില്ല.
വിശപ്പും പ്രതീക്ഷയും, കുഞ്ഞുമനസ്സിന്റെ
ശുദ്ധമായ സ്നേഹവും മാത്രം.
സഹായത്തിനായി അവൻ കൈ നീട്ടി,
സന്തോഷത്താൽ ചെറുകണ്ണുകൾ വിടർന്നു.
ഭക്ഷണപ്പൊതി മുറുകെ പിടിച്ച്
പുഞ്ചിരിയോടെ അവൻ നന്ദി പറഞ്ഞു,
പട്ടാളക്കാരന്റെ കൈയിൽ ചുംബിച്ചു.
മരണം അരികെ എന്നറിയാതെ
കുറച്ചു നേരം കാത്തു നിന്നു.
വെടിയുണ്ടകൾ പ്രായമോ പേരോ ചോദിക്കുന്നില്ല.
നീതി തീയിലും ജ്വാലയിലും എരിഞ്ഞ് തീർന്നു.
അവൻ ഒരു പോരാളിയായിരുന്നില്ല,
കൈയിൽ ആയുധമില്ലതാനും.
വഞ്ചനയെന്തെന്നറിയാത്ത ബാലനാണവൻ.
പോരാടുവാനല്ല; ഒരു നേരത്തെ ആഹാരത്തിന്
വേണ്ടിയായിരുന്നു അവൻ നടന്നത്.
പ്രത്യാശയായിരുന്നു അവന്റെ വഴിക്കാട്ടി,
എന്നിട്ടും അവർ അവന്റെ ശ്വാസമെടുത്തു.
എത്ര ക്രൂരമായ കൊലപാതകം!
നിഷ്കളങ്കതയുടെ നിലവിളികൾ
ഹൃദയങ്ങളിൽ നിലനിൽക്കുമെന്നറിയുക.
എല്ലാ കണ്ണുനീരും കാണുന്ന,
എല്ലാ നിലവിളികളും കേൾക്കുന്ന,
ഏറ്റവും നീതിമാനായ, അത്യുന്നതനായ ഒരു നാഥനുണ്ട്.
ആളിക്കത്തുന്ന ജ്വാല പോലെ അവന്റെ കൽപന വന്നാൽ
ഒരു സ്വേച്ഛാധിപതിയും നിലനിൽക്കില്ല.
തിന്മയുടെ സൈന്യം മഞ്ഞുപോലെ ഉരുകിത്തീരും;
അർക്കരശ്മികൾ വിതറപ്പെടുമ്പോൾ
മാഞ്ഞു പോകുന്ന നിഴലുകൾ പോലെ,
തിരമാലകൾ ആഞ്ഞടിക്കുമ്പോൾ പൊളിയുന്ന
മണൽക്കൊട്ടാരങ്ങൾ പോലെ...

Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS



'അല്ലാഹുവിന്റെ പടവാൾ'
എന്ന അപരനാമത്തിലറിയപ്പെടുന്ന
ഖാലിദ്ബ്നുൽവലീദിന്റെ
ജീവിത സഞ്ചാരങ്ങൾ ഏറെ അത്ഭുതകരവും പഠനാർഹവുമാണ്.
ഒഴുക്കോടെ ഒറ്റയിരിപ്പിൽ വായിച്ചു തീർക്കാവുന്ന
ആകർഷകമായ ശൈലിയിലുള്ള അവതരണം



200 രൂപയുടെ പുസ്തകം ഇപ്പോൾ 175 രൂപക്ക്

ഖാലിദ്ബ്നുൽവലീദ്

അബ്ദുൽഹഖ് സുല്ലമി ആമയൂർ

FREE HOME DELIVERY



പുസ്തകം നിങ്ങളുടെ വീട്ടിൽ എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 09 August 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-



WISDOM
Teachers Care

മദ്റസാധ്യാപക ശാക്തീകരണ സാമ്പത്തിക സമാഹരണത്തിൽ പങ്കാളികളാകാം

PROJECTS

മദ്റസാധ്യാപകരുടെ ക്ഷേമത്തിനു വേണ്ടി ആവിഷ്കരിച്ച പദ്ധതിയുടെ കീഴിലുള്ള വിവിധ സഹായങ്ങൾ:

- ഭവന നിർമാണം
- ചികിത്സാ സഹായം
- വിദ്യാഭ്യാസ സഹായം
- മെറിറ്റ് അവാർഡ്
- ഉപരിപഠനം
- എൻട്രൻസ് കോച്ചിംഗ്
- പെൻഷൻ



هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

ഈ പദ്ധതിയിലേക്ക് താങ്കളാൽ കഴിയുന്ന സാമ്പത്തിക സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

For more details:
+91 9072660202

Account details:
WISDOM EDUCATION BOARD
A/C No : 922020036184656
IFSC : UTIB0001908
AXIS BANK, KALLAI ROAD BRANCH